# സമന്വയ

## അതിരൂപത ബുള്ളറ്റിൻ

**തിരുവനന്തപുരം ലത്തീൻ അതിരൂപത, വെള്ളയമ്പലം.**

പുസ്തകം 23 | മെയ് 2018 | ലക്കം 5

***രക്ഷാധികാരികൾ***
മോസ്റ്റ് റവ. ഡോ. സൂസപാക്യം, എം.
റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ.
***സഹരക്ഷാധികാരി***
വെരി.റവ.മോൺ.യൂജിൻ എച്ച്. പെരേര
***പത്രാധിപ സമിതി***
റവ. ഡോ. എഡിസൺ വൈ.എം
റവ. ഡോ. യേശുദാസൻ മത്യാസ്
റവ. ഫാ. ശാന്തപ്പൻ
റവ. ഡോ. ലോറൻസ് കുലാസ്
റവ. ഫാ. എ.ആർ ജോൺ
റവ. ഫാ. ലെനിൻ രാജ്
ശ്രീ.ആർക്കാഞ്ചലോ.എം.
റവ. ഡോ. മൈക്കിൾ തോമസ്
റവ. ഫാ. ലെനിൻ ഫെർണാണ്ടസ്
***സഹപത്രാധിപർ***
ശ്രീ. പീറ്റർ കട്ടികാട്ട്
***കവർ & ലേ-ഔട്ട്***
ജീവജ്യോതി ഓഫ്സെറ്റ്

ലാറ്റിൻ ആർച്ച്ബിഷപ്പ് ഹൗസ്
വെള്ളയമ്പലം, കവടിയാർ പി. ഒ.
തിരുവനന്തപുരം - 695 003
ഫോൺ : 0471 - 2724001
ഫാക്സ് : 0471 - 2725001

## താളുകളിൽ

- യുവജനം സഭയോടൊത്ത് സമസ്ത മേഖലയിലേയ്ക്കും (എഡിറ്റോറിയൽ)
- ആർച്ച് ബിഷപ്പ്സ് ഡയറി - ഏപ്രിൽ
- ബിഷപ്പ്സ് ഡയറി - ഏപ്രിൽ
- ചാൻസലറുടെ ഓഫീസിൽ നിന്ന്
- വിജ്ഞാപനങ്ങൾ:Forane Council By-Law
- വികേന്ദ്രീകൃത ഫൊറോനതല ഭരണ സംവിധാനം
- മെട്രോപ്പോലീറ്റൻ ട്രൈബ്യൂണൽ
- ബിസിസി: ഫെറോനകളിൽ
- അജപാലന ശുശ്രൂഷ
- കുടുംബപ്രേഷിത ശുശ്രൂഷ
- യുവജന ശുശ്രൂഷ
- വിദ്യാഭ്യാസ ശുശ്രുഷ ഫെറോനകളിൽ
- ഭവനം ഒരു സമ്മാനം
- അല്മായ ശുശ്രൂഷ

# യുവജനം സഭയോടൊത്ത് സമസ്ത മേഖലയിലേയ്ക്കും

കേരള മെത്രാൻ സമിതിയുടെ ആഹ്വാന പ്രകാരം ഈ വർഷം ജനുവരി 06 ന് സംസ്ഥാന തലത്തിൽ ആരംഭിച്ച യുവജന വർഷം നമ്മുടെ അതിരൂപതയിൽ LAMP കോഴ്സിന്റെ രണ്ടാം ദിനമായ ഫെബ്രുവരി 10ന് ഉത്ഘാടനം ചെയ്യപ്പെടുകയുണ്ടായി.

യുവജന വർഷാചരണം വഴി നമ്മുടെ യുവജനങ്ങൾ പ്രതിബദ്ധതയോടെ സഭയോടൊത്ത് സമസ്ത മേഖലകളിലേയ്ക്കും വലിയൊരു മുന്നേറ്റമാണ് ലക്ഷ്യം വയ്ക്കുന്നത്. 2019 ജനുവരി 6 ന് യുവജന വർഷം സമാപിക്കും.

കുട്ടികളായിരിക്കുമ്പോൾ സൺഡേ സ്ക്കൂളുമായി പള്ളിയോടു ചേർന്ന് ആത്മീയാന്തരീക്ഷത്തിൽ വളരുന്ന നമ്മുടെ മക്കൾ, തുടർ വിദ്യാഭ്യാസത്തിനോ തൊഴിൽ പരിശീലന മേഖലകളിലേയ്ക്കോ പോകുന്നതോടെ അവരെക്കുറിച്ച് മാതാപിതാക്കൾക്കും രക്ഷിതാക്കൾക്കുമുണ്ടാകുന്ന കടുത്ത ആകുലത സമൂഹത്തിൽ ഇന്ന് ഭയാനകമായി വളരുകയാണ്. വിശ്വാസ ജീവിതത്തിൽനിന്ന് വ്യതിചലിച്ചു മുന്നേറുന്ന, യുവജനങ്ങളെക്കുറിച്ചുള്ള ഈ നൊമ്പരമാണ് ലോകത്താകമാനമുള്ള യുവജനങ്ങളെക്കുറിച്ച് ചിന്തിക്കാൻ മാത്രമായി 2018 ഒക്ടോബർ മാസത്തിൽ മെത്രാൻമാരുടെ ഒരു സിനഡ് വിളിച്ചുകൂട്ടാൻ ഫ്രാൻസീസ് പാപ്പയ്ക്ക് പ്രേരണയായിട്ടുള്ളത്. സിനഡിന്റെ മുന്നൊരുക്ക രേഖയിൽ, യുവജനങ്ങളുടെ ഇന്നത്തെ അവസ്ഥയിൽ പാപ്പായ്ക്കുള്ള അലിവും ആർദ്രതയും വായിച്ചറിയാം. പാപ്പ വിളിച്ചു കൂട്ടുന്ന ഈ സിനഡിന്റെ പശ്ചാത്തലത്തിലാണ് KCBC യുവജന വർഷം പ്രഖ്യാപിച്ചിരിക്കുന്നത്. ഓർക്കാപ്പുറത്ത് ആഞ്ഞടിച്ച ഓഖി ചുഴലിക്കാറ്റു വിതച്ച വിനകൾ നമ്മുടെ യുവജനങ്ങളെക്കുറിച്ചുള്ള ആകുലതകൾക്ക് ആക്കം വർദ്ധിപ്പിക്കുന്നു. അത് നമ്മേ യുവജന വർഷത്തിൽ കൂടുതൽ കരുതലോടെ കർമ്മ നിരതരാകാൻ പ്രചോദിപ്പിക്കുന്നു.

ഇടയൻ ആടുകളെ അറിയുന്നു എന്നാണല്ലോ...; യുവജന വർഷാചരണത്തിന്റെ ഭാഗമായി, അതിരൂപതയിലെ ഓരോ ഇടവകയിലെയും ബിസിസി യൂണിറ്റുകൾതോറുമുള്ള എല്ലാ യുവതീയുവാക്കളുടെയും കൃത്യമായ എണ്ണവും അവരെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും അറിയാനുള്ള ഒരു സമഗ്ര യുവജനസർവ്വേ യുവജനശുശ്രൂഷ എത്രയും വേഗം പൂർത്തിയാക്കും. യുവജനങ്ങളെ വളരെ പ്രത്യേകമായവിധം മനസ്സിലാക്കി, അനുധാവനം ചെയ്ത് പ്രോത്സാഹിപ്പിച്ച് സഭയോടൊത്ത് സമസ്ത മേഖലയിലേയ്ക്കും അവരെ കൊണ്ടുവരുന്നതിന് പ്രയോജനപ്പെടുത്താനുള്ള അടി



സ്ഥാന അറിവായിരിക്കും സർവ്വേ നല്കുന്ന സ്ഥിതിവിവരം. യുവജന ശുശ്രൂഷയുടെ ഇക്കൊല്ലത്തെ കർമ്മപരിപാടികളുടെ ദർശനമാണ് സഭയോടൊത്ത് സമസ്ത മേഖലയിലേയ്ക്കും എന്നത്. സർവ്വേ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ അടുത്ത പത്തു വർഷത്തേയ്ക്കുള്ള ഒരു സമഗ്ര പദ്ധതി യുവജന ശുശ്രൂഷ വിഭാവന ചെയ്യുന്നുണ്ട്. അതിനാൽ, സമഗ്ര സർവ്വേ കുറ്റമറ്റവിധം സംഘടിപ്പിക്കുന്നതിന് മാതാപിതാക്കളും സ്ക്കൂൾ- കലാലയ- മതബോധന അദ്ധ്യാപകരും യുവജന ആനിമേറ്റർമാരും ബിസിസി ലീഡർമാരും ബന്ധപ്പെട്ട എല്ലാവരും അകമഴിഞ്ഞ് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സർവ്വേ കണ്ടെത്തലുകളെ കർമ്മ പഥത്തിൽ എത്തിക്കുന്നതിന് അതിരൂപതാ തലത്തിൽ ഒരു തൊഴിൽ-വിദ്യാഭ്യാസ ഇൻഫർമേഷൻ ബ്യൂറോ സ്ഥാപിക്കും. കൂടാതെ, തങ്ങളുടെ മേഖലകളിലെല്ലാം സഭയോടൊത്തു സഞ്ചരിക്കുന്നതിനുള്ള വിവേചനവും വിവേകവും നൽകി യുവജനങ്ങളെ രൂപപ്പെടുത്തുന്നതിനാവശ്യമായ പഠന-ബോധവല്ക്കരണ പരിപാടികളും വിഭാവനം ചെയ്തിട്ടുണ്ട്. യുവജനങ്ങൾക്ക് നേതൃത്വം നല്കുന്നവരും മറ്റ് മുതിർന്നവരും യുവജനങ്ങളെ കരുണയോടെ, കരുതലോടെ, വാത്സല്യത്തോടെ സമീപിക്കണം. ബോധ്യങ്ങൾ നേടുന്നതിനൊപ്പം, മദ്യത്തിനും മയക്കുമരുന്നിനും എതിരെയുള്ള കർമ്മപരിപാടികളിൽ പങ്കുചേർന്ന് സാമൂഹ്യ തിന്മകൾക്കെതിരെ പ്രബുദ്ധരും പക്വമതികളുമായിത്തീരാനും യുവജന വർഷാചരണം ഉപയുക്തമാകണം.

യേശു ദൈവരാജ്യ പ്രഘോഷണ ദൗത്യം ആരംഭിക്കുന്നതിനു മുന്നോടിയായി, ജോർദ്ദാൻ നദിക്കരെ യോഹന്നാനിൽനിന്ന് സ്നാനം സ്വീകരിച്ച അവസരത്തിൽ, “ഇവൻ എന്റെ പ്രിയ പുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു (ലൂക്ക.3:22)” എന്ന് പിതാവായ ദൈവം യേശുവിൽ സംപ്രീതനാകുന്നുണ്ട്. ഈ തിരുവചനം കേരള മെത്രാൻ സമിതിയുടെ നേതൃത്വത്തിലുള്ള യുവജന സമിതി അതിന്റെ എംബ്ലത്തിൽ ആലേഖനംചെയ്തിട്ടുണ്ട്. ദൈവപിതാവിന്റെ ഈ സംപ്രീതി നമ്മുടെ എല്ലാ യുവതീയുവാക്കളെ സംബന്ധിച്ചും യാഥാർത്ഥ്യമാകാൻ യുവജനവർഷാചരണം സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

പ്രാർത്ഥനയോടെ, സ്നേഹത്തോടെ,

**ക്രിസ്തുദാസ് ആർ.**
സഹായ മെത്രാൻ,
കോഓർഡിനേറ്റർ, അതിരൂപതാ ശുശ്രൂഷകൾ

## ARCHBISHOP'S DIARY, APRIL 2018

| | | | |
|---|---|---|---|
| 01 | SUN | 07.00 am | EASTER, Holy Eucharistic Celebration, Santa Maria, Patton. |
| 02 | MON | 05.00 pm | Valiathura Forane Centre Inauguration Thope |
| 04 | WED | 03.30 pm | PRIESTLY ORDINATION, St. Joseph's Cathedral, Palayam |
| 05 | THU | 03.00 pm | Episcopal Consecration, Diocese of Idukki |
| 07 | SAT | 11.00am | Marriage Blessing,Vellayambalam Vocation Camp, Handmaids of Hope, Vettuthura |
| 08 | SUN | 05.00 pm | HOME MISSION, Inauguration, Palapoor |
| 11 | WED | 11.00 am | Marriage Blessing |
| 13 | FRI | | Major Seminarians Camp, St. Vincent Seminary |
| 14 | SAT | 11.00am | Marriage Blessing, Pangodu |
| 15 | SUN | 05.30 pm | Church Blessing, Mangattukonam |
| 19 | THU | 11.00am | Marriage Blessing, Pangodu |
| 20 FRI– 21 SAT | | | POC Golden Jubilee Celebration |
| 22 | SUN | | HOME MISSIOM: Conclusion, Poonkulam |
| 29 | SUN | | HOME MISSION, Inauguration, Fathima Kazhakuttom |

**Fr. Judit Pious Lawrence**
Secretary to Archbishop



## AUXILIARY BISHOP'S DIARY, APRIL 2018

| | | | |
|---|---|---|---|
| 01 | SUN | | EASTER SUNDAY |
| 04 | WED | 03.30 pm | PRIESTLY ORDINATION, St. Joseph's Cathedral, Palayam |
| 05 | THU | 11.00 am | Marriage Blessing, Pangodu |
| 08 | SUN | 05.30pm | Feast Day Eucharisti Celebration, Poonthura |
| 11 | WED | 11.00am | Marriage Blessing, |
| 12 | THU | 03.30 pm | Priestly Ordination, Adimalathura |
| 13 | FRI | 11.00 am | Marriage Blessing |
| 14 | SAT | 10.00am | Priestly & Diaconate Ordination Pulluvila |
| | | 05.00 pm | Football Tournament Inauguration, Poovar |
| 15 | SUN | 05.00 pm | HOME MISSIOM: Conclusion, Palapoor |
| 16 | MON | 10.00am | Jubilee Eucharistic Celebration, Loyola Poovar |
| 18 | WED | 05.00pm | HOME MISSION, Inauguration, Poonkulam |
| 19 | THU | 11.00 am | Marriage Blessing, Kollemcode |
| 22 | SUN | 05.00 pm | Concluding Ceremony of 40 hour Adoration, Puthenthope |
| 29 | SUN | 05.30pm | Feast Day Eucharistic Celebration, Cheruvettucaud |
| 30 | MON | | Poonthura Bible Convention |

**Fr. Judit Pious Lawrence**
Secretary to Archbishop

# APRIL 2018

## A. EPISCOPAL ORDINATION ANNIVERSARY OF OUR AUXILIARY BISHOP

3rd April 2017 is the II Anniversary of the Episcopal Consecration of His Excellency Rt. Rev. Dr. Christudas Rajappan, the Auxiliary Bishop of our Archdiocese of Trivandrum and Titular Bishop of Avitta Bibba. Special intention for the Auxiliary Bishop should be added in the prayer of the faithful during the Holy Mass and kindly exhort the faithful to offer their family prayers for our Auxiliary Bishop. The Archdiocesan Curia, on behalf of the Clergy, religious and Laity of the Archdiocese, expresses our hearty congratulations and prayerful wishes to him.

## B. EASTER WISHES

Jesus is Risen. Jesus is truly Risen. Halleluja. The Archdiocesan Curia wishes everyone a joyful Easter.

## C. BIRTHDAYS

| | |
|---|---|
| 1. Rev. Fr. Joy C. Mathew | 01.04.1979 |
| 2. Very Rev. Dr. George J. Gomez | 02.04.1963 |
| 3. Rev. Fr. Maria Dominic Z | 03.04.1951 |
| 4. Rev. Fr. Joseph Puzhakkara, OCD | 03.04.1982 |
| 5. Rev. Fr. Jineesh Karakkada M.S | 05.04.1987 |
| 6. Rev. Fr. Thomas D. | 10.04.1950 |
| 7. Very Rev. Fr. Pious Antony OFM Cap | 10.04.1969 |
| 8. Rev. Fr. Pious Vachaparambil .S.J. | 10.04.1962 |
| 9. Rev. Fr. Richard Sacharia | 11.04.1981 |
| 10. Rev. Fr. Niju Ajith | 11.04.1984 |
| 11. Rev. Fr. Jose Deleep, OFM Cap | 11.04.1984 |
| 12. Very Rev. Msgr. Dr. C. Joseph | 14.04.1949 |
| 13. Rev. Fr. Benny Chiramel .S.J | 14.04.1969 |



| | |
|---|---|
| 14. Very Rev. Fr. Francis Sales OCD | 15.04.1977 |
| 15. Rev. Fr. Deepak Anto A.J | 16.04.1986 |
| 16. Rev. Fr. Maria Mentil Joseph O.de.M. | 17.04.1980 |
| 17. Rev. Fr. Shijo Jose Ayyamala IC | 17.04.1981 |
| 18. Rev. Dr. Elias D. | 19.04.1935 |
| 19. Rev. Fr. John A.R. | 21.04.1977 |
| 20. Rev. Fr. Anish Fernandez | 22.04.1977 |
| 21. Rev. Fr. Jayan Varghese | 23.04.1982 |
| 22. Rev. Fr. Anto Baiju Y | 26.04.1988 |
| 23. Rev. Fr. Jobins Veluthedathuparambil M.S | 28.04.1990 |
| 24. Rev. Fr. Dominic Joseph S. J. | 29.04.1980 |

## D. ORDINATION DAYS

| | |
|---|---|
| 01. Very Rev. Msgr. Eugine H. Pereira | 02.04.1986 |
| 02. Very Rev. Dr. Gladin Alex DCL | 04.04.1990 |
| 03. Rev. Fr. John Churchil Bass IV Dei | 04.04.2002 |
| 04. Rev. Fr. Darwin Peter | 04.04.2002 |
| 05. Rev. Dr. Michael Thomas | 04.04.2002 |
| 06. Rev. Fr. Joseph Elkin D | 04.04.2002 |
| 07. Rev. Fr. Alex Peter | 04.04.2013 |
| 08. Rev Fr. Christudas Philip | 04.04.2013 |
| 09. Rev. Fr. Roshan Richard | 04.04.2013 |
| 10. Rev Fr. Wingston V | 04.04.2013 |
| 11. Rev. Fr. Benzigar Silvadasan O.de.M. | 08.04.2013 |
| 12. Rev. Fr. Francis Assisi John Sumesh | 09.04.2015 |
| 13. Rev. Fr. Jenisten | 09.04.2015 |
| 14. Rev. Fr. Prabal Joseph Pereira | 09.04.2015 |
| 15. Rev. Fr. Prabin S.M | 09.04.2015 |
| 16. Rev. Fr. Rajesh Babu | 09.04.2015 |
| 17. Rev. Fr. Suresh Pious M | 09.04.2015 |
| 18. Rev. Dr. Laurence Culas | 10.04.1996 |
| 19. Rev. Fr. Theodacious A. D’cruz | 10.04.1996 |

| | |
|---|---|
| 20. Rev. Fr. Ignaci Rajasekaran | 10.04.2002 |
| 21. Rev. Fr. Jose Deleep, OFM Cap | 10.04.2013 |
| 22. Rev. Fr. Jineesh Karakkada M.S | 11.04.2014 |
| 23. Rev. Fr. Silvester Kuris | 12.04.1994 |
| 24. Rev. Fr. Andrew IV Dei | 12.04.2007 |
| 25. Rev. Fr. Binu Joseph Alex | 12.04.2007 |
| 26. Rev. Fr. Jerold Savio T | 12.04.2007 |
| 27. Rev. Fr. Maria Michael F | 12.04.2007 |
| 28. Rev. Fr. Melkon. J | 12.04.2007 |
| 29. Rev. Fr. Muthappan Appoli | 12.04.2007 |
| 30. Rev. Fr. Shajin Jose A | 12.04.2007 |
| 31. Rev. Fr. Bijin Besily | 12.04.2012 |
| 32. Rev. Fr. Jayan Varghese | 12.04.2012 |
| 33. Rev. Fr. Jerome Rose P | 12.04.2012 |
| 34. Rev. Fr. John Dall | 12.04.2012 |
| 35. Rev. Fr. Reni Rudolf | 12.04.2012 |
| 36. Rev. Fr. Lucians Thomas | 14.04.1993 |
| 37. Rev. Fr. Jacob Stellus | 14.04.2009 |
| 38. Rev. Fr. Malbin Soosai | 14.04.2009 |
| 39. Rev. Fr. Rex Morai s | 14.04.2009 |
| 40. Rev. Fr. Shabin Leen | 14.04.2009 |
| 41. Rev. Fr. John Bosco Manuel | 14.04.2009 |
| 42. Rev. Fr. Aristotle Wellesley Franko O.de.M | 14.04.2009 |
| 43. Rev. Fr. Fredy Solomon | 15.04.2004 |
| 44. Rev. Fr. Gerard D | 15.04.2004 |
| 45. Rev. Fr. Jijo George Palliparambil | 15.04.2004 |
| 46. Rev. Fr. Karimathil Joye James SJ, | 20.04.1987 |
| 47. Rev. Fr. Antony S.B | 20.04.2006 |
| 48. Rev. Fr. John A. R | 20.04.2006 |
| 49. Rev. Fr. Lenin Raj | 20.04.2006 |
| 50. Rev. Fr. Mathias O | 20.04.2006 |
| 51. Rev. Fr. Rose Babu | 20.04.2006 |



| | |
|---|---|
| 52. Rev. Fr. Tony Hamlet A | 20.04.2006 |
| 53. Rev. Fr. Daniel R. | 20.04.2017 |
| 54. Rev. Fr. Immanuel Y | 20.04.2017 |
| 55. Rev. Fr. Shijin A | 20.04.2017 |
| 56. Rev. Fr. Vishal V | 20.04.2017 |
| 57. Rev.Fr.Prathas Joseph. OCD | 21.04.2007 |
| 58. Rev. Fr. Kulandai Yesu Rajan, CMF | 21.04.2017 |
| 59. Rev. Fr. Santhosh Koyickal SAC | 22.04.2012 |
| 60. Very Rev. Dr. George J. Gomez | 23.04.1990 |
| 61. Rev. Fr. Innasi Mudiyappan IVDei | 23.04.2006 |
| 62. Rev. Fr. Tinu Francis Pondicherry, SJ. | 23.04.2017 |
| 63. Rev. Fr. Paul G | 24.04.1997 |
| 64. Rev. Dr. Baby Bevinson | 24.04.2003 |
| 65. Rev. Dr. Edison Y. M. | 24.04.2003 |
| 66. Rev. Fr. Rodrig Kutty | 24.04.2003 |
| 67. Rev. Fr. Sabbas Ignatius | 24.04.2003 |
| 68. Rev. Fr. Dony. D. Paul | 24.04.2014 |
| 69. Rev. Fr. Stalin Fernandez A | 24.04.2014 |
| 70. Rev. Fr. Sudheesh .A | 24.04.2014 |
| 71. Very Rev. Fr. Syrus B. Kalathil | 24.04.1995 |
| 72. Rev. Fr. William Cyril | 25.04.1992 |
| 73. Rev. Fr. Ginu Cleetus C.Ss.R | 28.04.2011 |
| 74. Rev. Fr. Joseph Valliamthadathil CMF | 29.04.1987 |
| 75. Rev Fr. Mathias, O.de.M. | 29.04.2017 |

## E. DECEASED PRIESTS

| | |
|---|---|
| 1. Very Rev. Fr. Ignatius OCD | 01.04.1943 |
| 2. Rev. Fr. Ferreolus D'cruz | 03.04.2013 |
| 3. Rev. Fr. Aloysius G.V. | 04.04.2002 |
| 4. Rev. Fr. Engelbert OCD | 12.04.1958 |
| 5. Rt. Rev. Msgr. Mark Netto | 14.04.1986 |
| 6. Rev. Fr. Barlow D'cruz | 16.04.2011 |
| 7. Rev. Fr. Sylvester Fernandez | 17.04.1980 |

## F. PERPETUAL DAY ADORATION

Holy Cross Sisters, Trivandrum 01.04.2018

## G. APPOINTMENTS & RELIEVING ORDERS

Rev. Fr. Santhosh Kumar Paniyadima- is appointed as Assistant Director to Director of Youth Ministry, Latin Archdiocese of Trivandrum with effect From 1st March 2018

Very Rev. Fr. Christle Rosario - relieved from the office of Executive Secretary to the Commission for the Clergy and Religious with effect from 22nd March 2018.

Rev. Fr. Norbert C.M OFM Cap- appointed as Assistant Parish Priest of Our Lady of Fathima Church, Kudappanakkunnu .

Rev. Fr. Shijan Antony OFM Cap - Relived from the office of Assistant Parish Priest of Our Lady of Fathima Church, Kudappanakkunnu .

## H. CONDOLENCE

Rev. Sr. Barbara(83) from Rosarian Convent, Koithoorkonam was called to Eternal rest on 18 March 2018 and she was buried on 19 March after the Holy Eucharist. May her soul rest in peace.

Mr. Wilvet (58), brother of Rev. Fr. M.T. Stephen passed away on 20 March 2018 and was burried on 21 March at, St. Mary Magdalene's Parish Cemetery, Paruthiyoor after the Mass. May his soul rest in peace. Our heartfelt condolence to his family members.



## I.DECREES

# TRIVANDRUM ARCHDIOCESAN GAZETTE

No. 005/2018/CL **GENERAL DECREE** Dated:07.03.2018

## FORANE COUNCIL BY-LAW (FP*-3)

**Preamble**

Forane Council has become necessary with the renewal process initiated in the Archdiocese of Trivandrum. One of the major decision evolved in the process was to decentralise the diocesan activities into forane level. This becomes necessary due to the vastness of the Archdiocese and the diversity of the Foranes. The participation of people in various ministries and commissions are taking place in the Archdiocese at different levels. At the parish level we have Parish Pastoral Council and Parish Finance Council, which co-ordinates and implements the parish level activities. On Archdiocesan level the Co-Orninator of Ministries and Central Planning and Evaluation Committee is co-ordinating different ministries. Likewise, the Forane Council, co-ordinates the forane level activities.

**Article 1. Name**

The name of the forane level co-ordinating body will be hereinafter known as "Forane Council". Its head quarters will be the forane centre or one of the parishes within the forane, proposed by the priests' conference and approved by the Archbishop.

**Article 2. Nature**

Forane Council is a co-ordinating body, it facilitates the activities of the forane and parishes, and it gives proposals to the Archdiocese with regard to different ministries its various activities and its overall functioning.

**Article 3. Aims and Objectives**

To facilitate different activities at parish and forane level.

1. Facilitate parish planning and evaluation.
2. Do the Forane planning and evaluation.
3. Execute forane projects.
4. Constitute a forane committees namely, Forane Finance Council, Forane Audit Committee, Forane Construction Committee and Forane Reconciliation and Arbitration committee
5. Co-ordination of different ministries at forane level.
6. Facilitate forane office functioning and discharge services to faithful in the forane.



**Article 4. Composition of the Council**

Forane Council is composed of all priests in the forane, executives of parish councils and other representatives or members of various competencies and commissions.

**Article 5. Members**

01. All priests of the forane
02. Parish Council Vice Presidents
03. Parish Council Secretaries
04. Parish Council Treasurers
05. B.C.C. Co-ordinators of the different parishes
06. Conveners of Pastoral Ministry
07. Secretaries of Social Action Ministry
08. Conveners of Education Ministry
09. Conveners of Laity Ministry
10. Conveners of Family Ministry
11. Conveners of Youth Ministry
12. One woman representative from each Parish Pastoral Council
13. Sister Representative from parishes. (If more convents they elect one sister. Rotation will be followed in the years hereafter).
14. Catechists from each parish. (If there are mission stations, they jointly elect one).
15. Forane Animators of Ministries
16. Forane level commission and ministries' secretaries.
17. Members of Archdiocesan Pastoral Council

18. One each representatives from Forane Finance Council, Forane Audit Committee, Forane Construction Committee and Forane Reconciliation and Arbitration committee

19. Office Secretary (Observer)

**Article 6. Office Bearers**

President : Forane Vicar

Vice President : A lay person elected by the Forane Council

Secretary : Priests secretary of the Forane Conference

Joint Secretary : A lay person elected by the Forane Council

Treasurer : A lay person elected by the Forane Council

**Article 7. Duties of the Office Bearers**

President : He shall convene and preside over the meeting.

Vice President : Vice President shall preside over the meeting in the absence of the President

Secretary : At the request of the President, he shall convene the meeting. He is to keep the records of the council and record the minutes



of the meeting and to prepare the reports.

Joint Secretary : He will jointly discharge the duties of the Secretary.

Treasurer : He shall keep the accounts of the Forane Council under the guidance of the President.

**Article 8. Finance**

The Forane Council shall devise ways and means to raise a fund for the working expenses of the council. The fund shall be deposited in a nationalised bank which will be operated by the President and Forane Treasurer and Forane Finance Council Secretary jointly.

**Article 9. Executive Committee**

Executive Committee of the Forane Council shall implement the recommendations of the Forane Council. It shall monitor the activities of the Forane Council. It may also assess the activities of different ministries and commissions.

Executive Committee shall consist of;

01. President
02. Vice President
03. Secretary
04. Joint Secretary

05. Treasurer

06. Priests co-ordinators of different ministries and commissions

07. Forane B.C.C. secretary

08. Forane conveners of each ministry represented in the parish council

09. Representatives of Vice Presidents of Parish Council

10. Representative of Secretaries of Parish Council

11. Representative of Treasurers of the Parish Council

12. A sister representative

13. A catechist representative

14. Forane Animators

15. A woman representative

16. Archdiocesan Pastoral Council Members

17. One each representatives from Forane Finance Council, Forane Audit Committee, Forane Construction Committee and Forane Reconciliation and Arbitration committee

18. Office Secretary (Observer)

**Article 10. Term of Office**

a. For the Forane Council

Forane council shall be constituted for a period of two years and with the expiry of the period, it shall be reconstituted.

b. For the Members



i. The members will retain their membership as long as they are in their respective offices.

ii. Any member may terminate membership by resignation given in writing showing the reason and accepted by the President.

**Article 11. Cessation of Office**

i. If in the judgment of the President, any member is found unfit owing to ill-health or other reasons, the President may after consultation with the executive committee advise the said member to give his resignation, or declare his membership terminated.

ii. The seat of a member of the Forane Council may also become vacant automatically by his death. If a members incurs ecclesiastical censure, he will loose he/she will loose his/her membership.

iii. If a member absents himself/herself for two consecutive meetings without just reasons indicated to the President or Secretary in writing, his or her membership shall automatically stand cancelled.

iv. When a member acts contrary to the basic precepts of the Church or indulges in anti-church activities, the Executive Committee may study the matter and report to the Archbishop and the Archbishop may take necessary action which will be final.

**Article 12. Functioning of the Forane Council**

The General Body of the Forane Council may be convened at least twice in a year with a notice prior to ten days shall be given to the members. Extra ordinary meeting shall be convened at short notice whenever the Executive Committee or the President wants to hold them.

**Article 13. Quorum**

The quorum for the meeting of the Forane Council shall be one fourth (¼)of the membership. Quorum for Executive Committee shall be one-third (1/3).

**Article 14. Amendment**

It belongs to the exclusive competence of the Archbishop to modify and to interpret the by-law of the Forane Council

This bylaw (III Revised) comes to effect from 19 March 2018, on the feast of St. Joseph, the Patron of the Church.

**Rev. Dr. Edison Y.M** Chancellor

**† Most Rev. Dr. Soosa Pakiam. M** Archbishop of Trivandrum



**തിരുവനന്തപുരം അതിരൂപത ഗസറ്റ്**

No. 006/2018/CL *വിജ്ഞാപനം* **(FP*-4)** Dated: 12.03.2018

# *വികേന്ദ്രീകൃത ഫൊറോനതല ഭരണസംവിധാനം*

വന്ദ്യവൈദികരേ, പ്രിയമക്കളേ,

നമ്മുടെ അതിരൂപതയുടെ പൊതുവായ പ്രവർത്തനത്തിനും സുഗമമായ അജപാലന നിർവഹണത്തിനുമായി അടുത്തടുത്തുള്ള ഇടവകകളുടെ കൂട്ടായ സംയോജനമായ ഫെറോന (കാണുക കാനൻ 374, 2) കളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വികേന്ദ്രീകൃത ഫെറോനതല ഭരണസംവിധാനം ഈ സാമ്പത്തിക വർഷം (2018–19) മുതൽ നടപ്പിലാക്കുകയാണ്. ഫെറോനതലത്തിൽ ശുശ്രൂഷാസമിതികളെ ശക്തിപ്പെടുത്തേണ്ടതും അവ ഇടവകകളിൽ സജ്ജീവമായി പ്രവർത്തിക്കേണ്ടതും ആവശ്യമാണ്. ഫെറോനതല പ്രവർത്തനങ്ങൾക്കായി ഇടവകകളിൽനിന്നും അതിരൂപതയിലേയ്ക്ക് നല്കപ്പെടുന്ന 5% വിഹിതത്തിന്റെ 75% പൂർണ്ണമായും പ്രസ്തുത ഫെറോനാശുശ്രൂഷാ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കേണ്ടതും ബാക്കിയുള്ള 25% അതിരൂപത

യിലേയ്ക്ക് അടയ്ക്കേണ്ടതുമാണ്; അതിരൂപത പ്രസ്തുത തുക (25%) ഫൊറോനകളുടെ ഒരു പൊതുഫണ്ട് ആയി സൂക്ഷിക്കുന്നതും ഫൊറോന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക പ്രയാസം നേരിടുന്ന ഘട്ടത്തിൽ ആവശ്യാനുസരണം നല്കുന്നതുമാണ്. വികേന്ദ്രീകൃത സംവിധാനത്തോടനുബന്ധിച്ച് ഇപ്പോൾ നിലനിൽക്കുന്ന ഫൊറോന ശുശ്രൂഷകൾ, സമിതികൾ എന്നിവയ്ക്കൊപ്പം ഫൊറോന സാമ്പത്തിക സമിതി, ഫൊറോന നിർമ്മാണ പ്രവർത്തന സമിതി, ഫൊറോന ആഡിറ്റിംഗ് സമിതി, ഫൊറോന അനുരഞ്ജന സമിതി എന്നിവ ഫൊറോനതലത്തിൽ രൂപീകരിച്ചു പ്രവർത്തിക്കേണ്ടതാണ്. ഈ സമിതികളുടെ മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ നല്കുന്നു.

## A. *ഫൊറോന ധനകാര്യസമിതി*

### I. അംഗങ്ങൾ

1. ഫൊറോനവികാരി, ഫൊറോന വൈദിക സെക്രട്ടറി, ഫൊറോന ഖജാൻജി, ഫൊറോന കൗൺസിലിൽനിന്നോ പുറമേനിന്നോ എടുക്കുന്ന (ഫൊറോന വൈദികസമിതി നിർദ്ദേശിക്കുന്ന) മൂന്നുപേർ അടങ്ങുന്നതാണ് ഫൊറോന ധനകാര്യസമിതി.
2. ഫൊറോന കൗൺസിൽ ഖജാൻജി തന്നെയായിരിക്കണം ധനകാര്യസമിതിയുടെയും ഖജാൻജി
3. ഫൊറോനവികാരി ധനകാര്യസമിതിയുടെ സ്ഥിരാദ്ധ്യക്ഷനായിരിക്കും.
4. ധനകാര്യസമിതിക്ക് അംഗങ്ങൾ അവരിൽനിന്ന് തെരഞ്ഞെടുക്കുന്ന ഒരു സെക്രട്ടറി ഉണ്ടായിരിക്കും.



5. സമിതിയിലെ അംഗങ്ങളുടെ ലിസ്റ്റ് അതിരൂപതാദ്ധ്യക്ഷന് നല്കേണ്ടതും കാലാകാലങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

### II. ഭാരവാഹികളുടെ ചുമതലകൾ

6. അദ്ധ്യക്ഷൻ ധനകാര്യസമിതി യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുക. ബാങ്ക് ചെക്ക്ബുക്കുകൾ, എഫ്.ഡി.രേഖകൾ, ബാങ്ക് ലോക്കറുകളുടെ താക്കോലുകൾ എന്നിവ സൂക്ഷിക്കണം.
7. സെക്രട്ടറിയുടെ ചുമതലകൾ അദ്ധ്യക്ഷന്റെ നിർദ്ദേശ പ്രകാരം യോഗം വിളിച്ചുകൂട്ടുക. നടപടികൾ കൃത്യമായി രേഖപ്പെടുത്തുക. ബന്ധപ്പെട്ട രേഖകൾ ഓഫീസിൽ സൂക്ഷിക്കുക. യോഗറിപ്പോർട്ടുകൾ തയ്യാറാക്കി അവതരിപ്പിക്കുക എന്നിവയാണ്.
8. ഖജാൻജി ഫൊറോനയുടെ പണം ഫൊറോനയ്ക്കുവേണ്ടി ഫൊറോനവികാരി ധനകാര്യസമിതി സെക്രട്ടറി, ഖജാൻജി എന്നിവരുടെപേരിൽ ഷെഡ്യൂൾഡ്ബാങ്കിൽ നിക്ഷേപിക്കുക. ഫൊറോനവികാരിയും, സെക്രട്ടറി/ ഖജാൻജി എന്നിവരിൽ ഒരാളും ഒപ്പിട്ട ബാങ്ക് ചെക്ക് മുഖേന പണം പിൻവലിക്കുക. ഫൊറോനവികാരിയും ഖജാൻജിയും ഒപ്പിട്ട വരവുചെലവുകളുടെ രേഖകളും രസീതുകളും ഫൊറോന ഓഫീസിൽ സൂക്ഷിക്കുക. ഇടവകകളിൽ ജനങ്ങളിൽനിന്ന് ലഭിക്കുന്ന തുകകൾക്ക് ഫൊറോനവികാരിയോ, ഖജാൻജിയോ രസീത് നല്കുക. ചെലവാക്കുന്ന തുകയ്ക്ക് ബിൽ/വൗച്ചർ വാങ്ങി ഓഫീസിൽ സൂക്ഷിക്കുക. എല്ലാ വരുമാനത്തുകകളും ബാങ്കിൽ നിക്ഷേപിക്കുക.

## III. യോഗങ്ങൾ

9. മാസംതോറും സാധാരണയോഗം ചേരേണ്ടതാണ്. അടിയന്തിര കാര്യങ്ങൾക്കായി ആവശ്യാനുസരണം യോഗം ചേരാവുന്നതാണ്.
10. യോഗത്തിന്റെ കോറം ഫെറോനവികാരിയും മൂന്ന് അംഗങ്ങളും ചേരുന്നതായിരിക്കും.

## IV. കടമകൾ

11. വാർഷിക പ്ലാൻ & ബഡ്ജറ്റ് തയ്യാറാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകുക.
12. ഫെറോനകളിൽ ആസൂത്രണം ചെയ്യുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ ധനാഗമമാർഗ്ഗങ്ങൾ കണ്ടെത്തുക.
13. ഫെറോനയിലെ ഇടവകകളിൽനിന്ന് 5% വിഹിതവും മറ്റ് വിഹിതങ്ങളും മാസംതോറും സമാഹരിക്കുക. ഇടവകകളിൽ നിന്നുള്ള 5% വിഹിതത്തിന്റെ ആകെ ത്തുകയുടെ 25% അതിരൂപതയിൽ മാസംതോറും നൽകുക. അതിരൂപതാവിഹിതത്തിന്റെ നിലനിൽക്കുന്ന കുടിശ്ശിക ഗഡുക്കളായി ഇടവകകളിൽനിന്നും ശേഖരിച്ച് ഫെറോന പൊതുഫണ്ടിലേയ്ക്ക് നിക്ഷേപിക്കുക.
14. പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പണം ഗഡുക്ക ളായി ഫെറോനാശുശ്രൂഷാ പ്രവർത്തനങ്ങൾക്കായി നല്കുക.
15. പൂർത്തീകരിക്കപ്പെടുന്ന പദ്ധതികളുടെ കണക്കും റിപ്പോർട്ടും ശേഖരിച്ച് പ്രസിദ്ധീകരിക്കുക.
16. ഫെറോന സ്ഥാവര ജംഗമ വസ്തുക്കളുടെ വസ്തു വിവരപട്ടിക തയ്യാറാക്കുക; സാക്ഷിപ്പെടുത്തി



സൂക്ഷിക്കുക. ഒരു കോപ്പി അതിരൂപതയിൽ സമർപ്പിക്കുക.

17. മാസത്തിലൊരിക്കൽ ഫെറോന വരവ് ചെലവ് കണക്കുകൾ ധനകാര്യസമിതി യോഗത്തിൽ അവതരിപ്പിച്ച് പാസ്സാക്കുക.
18. പാസ്സാക്കിയ കണക്കിന്റെ മാസ സംഗ്രഹം (Monthly Abstrat) അതിരൂപതയിലും ഇടവകകളിലും മാസംതോറും 15 ാം തീയതിക്കുള്ളിൽ നൽകുക.
19. കണക്ക് ആഡിറ്റിനായി ആഡിറ്റ് സമിതിയെ ഏല്പിക്കുക.
20. ഫെറോന പ്രവർത്തനങ്ങളുടെ ത്രൈമാസ വിലയിരുത്തൽ നടത്തുക.

## V. കാലാവധി

21. ഫെറോനവികാരി, വൈദിക സെക്രട്ടറി, ഖജാൻജി എന്നിവരുടെ കാലാവധി സ്ഥാനം ഒഴിയുന്നതത നുസരിച്ച് മാറുന്നതാണ്.
22. തെരഞ്ഞെടുക്കപ്പെട്ട മറ്റംഗങ്ങളുടെ കാലാവധി മൂന്ന് വർഷമായിരിക്കും.
23. ഖജാൻജി രണ്ടിൽ കൂടുതൽ തവണ തുടർച്ചയായി സമിതിയിൽ അംഗമായി ഇരിക്കാൻ പാടുള്ളതല്ല

## B. ഫെറോന ആഡിറ്റ് സമിതി

### I. അംഗങ്ങൾ

1. ഫെറോനവികാരി, ഫെറോന വൈദിക സെക്രട്ടറി.
2. അതിരൂപതാ ആഡിറ്റ് ടീം അംഗം - ചെയർമാൻ
3. ആഡിറ്റ് പ്രാവീണ്യമുള്ള 4 പേർ ഫൊറോനയിൽ നിന്ന് കണ്ടെത്തുക. ഈ നാല് പേരിൽ നിന്ന് ഒരാളെ സെക്രട്ടറിയായി തെരഞ്ഞെടുക്കുക.
4. സമിതിയിലെ അംഗങ്ങളുടെ ലിസ്റ്റ് അതിരൂപതാ ദ്ധ്യക്ഷന് നല്കേണ്ടതും കാലാകാലങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

### II. ഭാരവാഹികളുടെ ചുമതലകൾ

5. അദ്ധ്യക്ഷൻ ആഡിറ്റ് സമിതി യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുക
6. സെക്രട്ടറി അദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം യോഗം വിളിച്ചുകൂട്ടുക. നടപടികൾ കൃത്യമായി രേഖപ്പെടുത്തുക. ബന്ധപ്പെട്ട രേഖകൾ ഓഫീസിൽ സൂക്ഷിക്കുക. യോഗറിപ്പോർട്ടുകൾ തയ്യാറാക്കി അവതരിപ്പിക്കുക.

### III. യോഗങ്ങൾ

7. ആഡിറ്റ് സമിതി മാസത്തിലൊരിക്കൽ കൂടേണ്ടതാണ്.



8. ആവശ്യാനുസരണം യോഗങ്ങളുടെ എണ്ണം കൂട്ടാവുന്നതാണ്.

### IV. കടമകൾ

9. ഫെറോന ഓഫീസിന്റെയും ഫെറോന ശുശ്രൂഷാ സമിതികളുടെയും വരവ് - ചെലവ് കണക്കുകൾ മൂന്ന് മാസത്തിൽ ഒരിക്കൽ ആഡിറ്റ് ചെയ്ത് റിപ്പോർട്ട് ഫെറോന വികാരിയ്ക്കു നൽകുക.
10. ഫൊറോന വികാരി മേലൊപ്പോടുകൂടി അതാത് അതിരൂപത സമതികൾക്കു നൽകുക.
11. ഫെറോനയിലെ ഇടവകകളുടെ വരവ്-ചെലവ് കണക്കുകൾ മൂന്നു മാസത്തിലൊരിക്കൽ ഇടവകയിലെ ഇന്റേർണൽ ആഡിറ്റിംഗിനു ശേഷം ഫെറോന ആഡിറ്റിംഗിനായി സമിതിയെ ഏല്പിക്കേണ്ടതാണ്. ഫെറോന സമിതി ആഡിറ്റ് ചെയ്ത് സമിതിയുടെ നിർദ്ദേശങ്ങൾ സഹിതം റിപ്പോർട്ട് ഇടവകകൾക്ക് നൽകുക.
12. ഫെറോനതല ആഡിറ്റിംഗ് കോപ്പികൾ അതിരൂപതാദ്ധ്യക്ഷന്റെയും, അതിരൂപതാ ഡയറക്റ്റേഴ്സ്, അതിരൂപതാ ഫിനാൻസ് ഓഫീസ് എന്നിവർക്കു നൽകുക.

### V. കാലാവധി

13. ഫെറോനവികാരി, വൈദിക സെക്രട്ടറി, എന്നിവരുടെ കാലാവധി സ്ഥാനം ഒഴിയുന്നതനുസരിച്ച് മാറുന്നതാണ്.
14. തെരഞ്ഞെടുക്കപ്പെട്ട മറ്റംഗങ്ങളുടെ കാലാവധി മൂന്ന് വർഷമായിരിക്കും.

# C. *ഫൊറോന നിർമ്മാണ പ്രവർത്തന സമിതി*

## I. അംഗങ്ങൾ

1. അതിരൂപതാ നിർമ്മാണ സമിതി അംഗം (കൺവീനർ)
2. ഫൊറോന വികാരി (അദ്ധ്യക്ഷൻ)
3. ഫൊറോന വൈദിക സെക്രട്ടറി
4. ഫൊറോന വൈദികസമിതി നിർദ്ദേശിക്കുന്ന 5 അംഗങ്ങൾ - എഞ്ചിനീയറിംഗ്, ആർക്കിടെക്ട്, നിർമ്മാണ വൈദഗ്ധ്യം എന്നിവയിൽ പ്രാവീണ്യമുള്ളവർ.
5. സമിതിയിലെ അംഗങ്ങളുടെ ലിസ്റ്റ് അതിരൂപതാദ്ധ്യക്ഷന് നല്കേണ്ടതും കാലാകാലങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

## II. ഭാരവാഹികളുടെ ചുമതലകൾ

6. അദ്ധ്യക്ഷൻ നിർമ്മാണസമിതി യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുക
7. സെക്രട്ടറി അദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം യോഗം വിളിച്ചുകൂട്ടുക. നടപടികൾ കൃത്യമായി രേഖപ്പെടുത്തുക. ബന്ധപ്പെട്ട രേഖകൾ ഓഫീസിൽ സൂക്ഷിക്കുക. യോഗറിപ്പോർട്ടുകൾ തയ്യാറാക്കി അവതരിപ്പിക്കുക.

## III. കടകൾ

8. ഫൊറോനയുടേയോ, ഫൊറോനയിലെ ഇടവകകളുടേയോ 10 ലക്ഷം രൂപയ്ക്ക് താഴെയുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ ആവശ്യകത പാലിച്ച് അതിരൂപതാദ്ധ്യക്ഷനിൽ നിന്ന് അനുവാദം വാങ്ങുക (Cf. FP-1 no. 32).



9. ടി നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ അനുവാദം, മേൽനോട്ടം, നിർമ്മാണ പുരോഗതി, വിലയിരുത്തൽ എന്നിവ നടത്തുക (Cf. FP-1 nos. 32, 33).

## IV .യോഗങ്ങൾ

10. നിർമ്മാണ സമിതി മാസത്തിലൊരിക്കൽ കൂടേണ്ടതാണ്.
11. ആവശ്യാനുസരണം യോഗങ്ങളുടെ എണ്ണം കൂട്ടാവുന്നതാണ്.

## V. കാലാവധി

12. ഫൊറോനവികാരി, വൈദിക സെക്രട്ടറി, എന്നിവരുടെ കാലാവധി സ്ഥാനം ഒഴിയുന്നതനുസരിച്ച് മാറുന്നതാണ്.
13. തെരഞ്ഞെടുക്കപ്പെട്ട മറ്റംഗങ്ങളുടെ കാലാവധി മൂന്ന് വർഷമായിരിക്കും.

# D. *ഫൊറോന അനുരഞ്ജന സമിതി*

## I. അംഗങ്ങൾ

1. അതിരൂപതാ അനുരഞ്ജന സമിതി വൈദികഅംഗം - അദ്ധ്യക്ഷൻ
2. ഫൊറോന വികാരി
3. ഫൊറോന സെക്രട്ടറി
4. ഫൊറോന വൈദികസമിതി നിർദ്ദേശിക്കുന്ന 5 അംഗങ്ങൾ (സന്യസ്തർ, വക്കീലന്മാർ, തർക്കപരിഹാര പ്രാവീണ്യം ഉള്ള വ്യക്തികൾ).

5. ഫെറോനതർക്കപരിഹാര സമിതിയുടെ നിയമാവലി നിർദ്ദേശിക്കുന്ന മറ്റ് അംഗങ്ങൾ

6. സമിതിയിലെ അംഗങ്ങളുടെ ലിസ്റ്റ് അതിരൂപതാദ്ധ്യക്ഷന് നല്കേണ്ടതും കാലാകാലങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

## II. ഭാരവാഹികളുടെ ചുമതലകൾ

7. സമിതി അദ്ധ്യക്ഷൻ അനുരഞ്ജന സമിതി യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുക, തർക്കങ്ങൾക്ക് തീർപ്പ് കല്പിക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനും ശ്രദ്ധിക്കുക.

8. സെക്രട്ടറി അദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം യോഗം വിളിച്ചുകൂട്ടുക, നടപടികൾ കൃത്യമായി രേഖപ്പെടുത്തുക, ബന്ധപ്പെട്ട രേഖകൾ ഓഫീസിൽ സൂക്ഷിക്കുക, യോഗറിപ്പോർട്ടുകൾ തയ്യാറാക്കി അവതരിപ്പിക്കുക.

## III. കടകൾ

9. ഫെറോനയിലെ ഇടവകകൾ തമ്മിലുണ്ടാകുന്ന തർക്കങ്ങൾ, ഒരു വിശ്വാസിയും ഇടവക വികാരിയും/ ഇടവക കമ്മിറ്റിയും തമ്മിലുള്ള വ്യവഹാരം/തർക്കങ്ങൾ ഫെറോന തർക്ക പരിഹാര സമിതിയുടെ സഹായത്തോടെ പരിഹാരം നേടേണ്ടതാണ്.

10. വൈദികർ തമ്മിലുള്ള തർക്കങ്ങൾ വൈദികരും സന്യസ്തരും തമ്മിലുള്ള തർക്കങ്ങൾ മുകളിൽ പറഞ്ഞ തലങ്ങളിലുള്ള പ്രശ്നപരിഹാരത്തിനുള്ള അപ്പീൽ ബോധിപ്പിക്കൽ എന്നിവ അതിരൂപത തർക്കപരിഹാര സമിതിയിലേക്ക് നിർദ്ദേശിക്കേണ്ടതാണ്.



11. ഫെറോനയിൽ സമാധാന അന്തരീക്ഷം നിലനിർത്തുവാൻ ഈ സമിതി ശ്രദ്ധിക്കേണ്ടതാണ്.

## IV. യോഗങ്ങൾ

12. ആഡിറ്റ് സമിതി മാസത്തിലൊരിക്കൽ കൂടേണ്ടതാണ്മാസത്തിലൊരിക്കൽ ഈ സമിതി യോഗം ചേരേണ്ടതാണ്.

13. ആവശ്യാനുസരണം യോഗങ്ങളുടെ എണ്ണം കൂട്ടാവുന്നതാണ്.

## V. കാലാവധി

14. ഫെറോനവികാരി, വൈദിക സെക്രട്ടറി, എന്നിവരുടെ കാലാവധി സ്ഥാനം ഒഴിയുന്നതനുസരിച്ച് മാറുന്നതാണ്.

15. തെരഞ്ഞെടുക്കപ്പെട്ട മറ്റംഗങ്ങളുടെ കാലാവധി മൂന്ന് വർഷമായിരിക്കും.

| | |
|---|---|
| **റവ. ഫാ. എഡിസൻ** | **†സൂസപാക്യം എം.** |
| ചാൻസിലർ | തിരുവനന്തപും മെത്രാപ്പോലീത്ത |

**NB:** ***ഈ വിജ്ഞാപനം 2018 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വരുന്നതാണ്***

**Rev. Dr. Edison Yohannan M.**
Chancellor

## Metropolitan Tribunal News
## Mzrch – 2018

| | | |
|---|---|---|
| Number of Cases at the beginning of 2018 March | - | 223 |
| Received Cases in the Month of March | - | 003 |
| Total | = | 225 |
| Decreed Cases | - | 02 |

Balance Cases = 225-2 = 223

## Decreed Cases - 02

1. Case No: MTLAT/37/2013 between Sabu and Beena

2. Case No: MTLAT/08/2016 between Neethu Hentry and Nejo Nelson

**Fr. Gladin Alex**
Judicial Vicar





# ബിസിസി ഫൊറോനകളിൽ

## അഞ്ചുതെങ്ങ് ഫൊറോന

**ഫൊറോനാതലം**

അഞ്ചുതെങ്ങ് ഫൊറോനയിൽ പ്രേഷിത കുരിശിന്റെ പ്രയാണം 2018 മാർച്ച് 3 മുതൽ 13 വരെ നടന്നു. മാർച്ച് 3-ാം തീയതി ബി.സി.സി. എക്സിക്യൂട്ടീവ് സെക്രട്ടറി ബഹു. മൈക്കൾ തോമസ് അച്ചനും, രൂപതാ ടീം, അഞ്ചുതെങ്ങ് ഫൊറോനാ വികാരി ജോസഫ് ബാസ്ക്കർ അച്ചന് കൈമാറുകയുണ്ടായി. പ്രേഷിത കുരിശ് എല്ലാ ഇടവകകളിൽ കൊണ്ടുപോയി പ്രതിഷ്ഠിച്ച് പ്രാർത്ഥിക്കുകയും, മറ്റ് ചില ഇടവകകളിൽ ഭവനസന്ദർശനം നടത്തുകയും ചെയ്തു. മാർച്ച് 13-ാം തീയതി പൂത്തുറ ഇടവക വികാരി ഫാ. ജോസ് ഫ്രാങ്ക്ളിൻ പുതുക്കുറിച്ചി ഫൊറോനാ വികാരി മോൺ. വിൽഫ്രഡ് അച്ചന് കൈമാറുകയും ചെയ്തു.

മാർച്ച് 11-ാം തീയത് ഫൊറോനാ ബി.സി.സി. കമ്മിഷൻ യോഗം ഫൊറോനാ വികാരി ജോസഫ് ബാസ്ക്കർ അച്ചന്റെ നേതൃത്വത്തിൽ നടന്നു. എല്ലാ ഇടവകകളുടെ പ്രാതിനിധ്യം ഉണ്ടായിരുന്നു. മാമ്പള്ളി, പൂത്തുറ, വെണ്ണയോട്, ആറ്റിങ്ങൽ, ചമ്പാവ് എന്നീ ഇടവകകളിൽ ജനറൽ ബോഡി കൂടി. വിശുദ്ധവാരത്തോടനുബന്ധിച്ച് എല്ലാ ഇടവകയിലെ യൂണിറ്റുകളിലും കുരിശിന്റെ വഴി നടക്കുന്നുണ്ട്.

**ഇടവകതലം**

**വെണ്ണിയോട്:** വെണ്ണിയോട് ഇടവകയിലെ പുതിയ ദൈവാലയത്തിന്റെ ആശീർവാദകർമ്മം ഫെബ്രുവരി 12-ാം തീയതി അഭിവന്ദ്യ സൂസപാക്യം പിതാവ് നടത്തി. ബി.സി.സി. ജനറൽബോഡി നടത്തുകയുണ്ടായി. 7 യൂണിറ്റും സജീവമായി പ്രവർത്തിക്കുന്നു. പുരുഷന്മാരുടെ പങ്കാളിത്തം ഉണ്ട്. യൂണിറ്റിന്റെ സജീവമായ പ്രവർത്തനത്തിന് വികാരി അച്ചന്റെയും സിസ്റ്റേഴ്സിന്റെയും സജീവസാന്നിദ്ധ്യം ഉണ്ട്. 2018 മാർച്ച് 18-ാം തീയതി വർക്കലയിൽ പുതിയ ദൈവാലയത്തിന് ഫൊറോനാ വികാരി കല്ല് ഇടൽ കർമ്മം നടത്തി. യൗസേപ്പിതാവിന്റെ തിരുനാൾ ആഘോഷമായി ദിവ്യബലി നടത്തി തുടർന്ന് സ്നേഹവിരുന്നും നൽകി.

**മൂങ്ങോട്:** മൂങ്ങോട് ഇടവകയിൽ 100 വർഷം പാരമ്പര്യമായി പഴക്കമുള്ള കുരിശ് വീണ്ടും അത് എടുക്കുകയും 25 പേർ വഹിച്ച് ഇടവക ചുറ്റി കുരിശിന്റെ വഴി നടത്തി.
**ആറ്റിങ്ങൽ:** യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് ആറ്റിങ്ങൽ കരുണാലയത്തിൽ 150 പേർക്ക് ഭക്ഷണം നൽകി.
**മാമ്പള്ളി:** മൂന്ന് യൂണിറ്റിന്റെ വാർഷികം നടത്തി.
**പൂത്തുറ:** ഫെബ്രുവരി 18 മുതൽ 25 വരെ ഹോം മിഷൻ നടന്നു. അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് ദിവ്യബലിയോടുകൂടി ഉദ്ഘാടനം ചെയ്തു. മാർച്ച് 25 ന് അഭിവന്ദ്യ സൂസപാക്യം പിതാവ് സമാപനം കുറിച്ചു. പുതിയ വികാരിയുടെ ബി.സി.സി.യിലുള്ള സാന്നിദ്ധ്യം യൂണിറ്റുകൾ സജീവമായി കൊണ്ടിരിക്കുന്നു. രണ്ട് യൂണിറ്റിന്റെ വാർഷികം നടന്നു.

**ഫാ. ടോണി ഹാംലറ്റ്** — കോഓഡിനേറ്റർ
**സിസ്റ്റർ ജനറ്റ് റോച്ച ആർ.എസ്.സി.** — ആനിമേറ്റർ

## പുതുക്കുറിച്ചി ഫെറോന

മാർച്ച് 6-ാം തീയതി തുമ്പയിൽ വച്ച് പ്രേഷിത കുരിശിന്റെ പ്രയാണത്തോടനുബന്ധിച്ചുള്ള ഒരുക്കക്ലാസ് നടന്നു. ബഹുമാനപ്പെട്ട മൈക്കളച്ചൻ, ശ്രീ. ആർക്കാഞ്ചലോ, ശ്രീ. ആന്റണി ആൽബർട്ട് എന്നിവർ ക്ലാസുകൾ എടുത്തു. ഫെറോന ബി.സി.സി. കോ-ഓർഡിനേറ്റർ ബഹുമാനപ്പെട്ട ആഷ്ലിൻ ജോസ് അച്ചൻ എല്ലാവർക്കും സ്വാഗതവും ബി.സി.സി. ഫെറോന സെക്രട്ടറി ശ്രീ. എഡിസൺ എല്ലാവർക്കും നന്ദിയും അർപ്പിച്ചു. തുടർന്ന് ഫെറോന ബി.സി.സി. കമ്മിഷൻ യോഗം നടന്നു. ഓരോ ഇടവകയിലും ഏതു ദിവസമാണ് കൊണ്ടുവരുന്നത് എന്ന് തീരുമാനിച്ചു. അഞ്ചുതെങ്ങ് ഫെറോനയിൽ നിന്ന് പ്രേഷിത കുരിശ് കൊണ്ടു വരുമ്പോൾ എല്ലാ കമ്മിഷൻ അംഗങ്ങളും അതിൽ സന്നിഹിതരാകണമെന്നും അറിയിച്ചു.

13-ാം തീയതി വൈകുന്നേരം 5 മണിക്ക് അഞ്ചുതെങ്ങ് ഫെറോന വികാരിയുടെ നേതൃത്വത്തിൽ പ്രേഷിതകുരിശ് പെരുമാതുറ പാലത്തിനപ്പുറം കൊണ്ടുവന്നുതന്നു. അവിടെ നിന്ന് രൂപതാസമിതിയുടെ സാന്നിദ്ധ്യത്തിൽ പുതുക്കുറിച്ചി ഫെറോന വികാരി മോൺ. വിൽഫ്രഡ്, ഫെറോന ബി.സി.സി. കോ-ഓർഡിനേറ്റർ ബഹുമാനപ്പെട്ട ആഷ്ലിൻ ജോസ് അച്ചൻ, പുതുക്കുറിച്ചി ഇടവക വികാരി ബഹു. സജു അച്ചൻ, സഹവികാരി സാംസൺ അച്ചൻ, ഫെറോന ബി.സി.സി. കമ്മിഷൻ അംഗങ്ങൾ, ഇടവക ജനങ്ങൾ എന്നിവർ ചേർന്ന് പ്രേഷിത കുരിശ് സ്വീകരിച്ചു. കുരിശിന്റെ മാഹാത്മ്യത്തെയും പ്രേഷിത ദൗത്യത്തെയും ക്കുറിച്ച് സാംസൺ അച്ചൻ നൽകിയ വിചിന്തനങ്ങളോടും "കുരിശാണ് രക്ഷ" എന്ന ഗാനത്തിന്റെ അകമ്പടിയോടുംകൂടി പ്രാർത്ഥനകൾ ഉരുവിട്ട് അലങ്കരിച്ച വാഹനത്തിൽ പ്രേഷിതകുരിശിന്റെ പ്രയാണം ഏകദേശം $2^1/_2$ - 3 കിലോമീറ്റർ ദൂരം കാൽനടയായി സഞ്ചരിച്ച് നൽകിയ സാക്ഷ്യം മറ്റു മതസ്ഥർ തിങ്ങിപാർക്കുന്ന ആ പ്രദേശത്തിന് ഒരു പുത്തൻ അനുഭവമായി തീർന്നു. ദൈവാലയത്തിൽ എത്തിച്ചേർന്ന പ്രേഷിത കുരിശ് ഫെറോന വികാരിയും ഫെറോന കോർഡിനേറ്റർ അച്ചനും ചേർന്ന് ഇടവക വികാരിക്ക് കൈമാറി. തുടർന്ന് പ്രേഷിത കുരിശിനെപ്പറ്റി ബഹു. മൈക്കളച്ചൻ വിശദീകരണം നൽകുകയും ഫെറോന വികാരിയും ഫെറോന കോർഡിനേറ്ററച്ചനും ആശംസകൾ അർപ്പിക്കുകയും ചെയ്തു. അങ്ങനെ പുതുക്കുറിച്ചി ഫെറോനയിലെ പ്രേഷിത കുരിശിന്റെ പ്രയാണം ആരംഭിക്കുകയും മാർച്ച് 24-ാം തീയതി സമാപിക്കുകയും ചെയ്തു. തുടർന്ന് ഏപ്രിൽ 3-ാം തീയതി വലിയതുറ ഫെറോനയ്ക്ക് കൈമാറും.

എല്ലാവർക്കും ഉത്ഥിതനായ ക്രിസ്തുനാഥന്റെ സമാധാനവും അനുഗ്രഹങ്ങളും നേരുന്നു.

**ഫാ.ആഷ്ലിൻ ജോസ്** — കോഓഡിനേറ്റർ
**സിസ്റ്റർ ബ്ലെസി ജോസ്** — ആനിമേറ്റർ

## പാളയം ഫെറോന

പാളയം ഫെറോനയിലെ എല്ലാ ഇടവകകളിലേയും യൂണിറ്റു ഭാരവാഹികൾക്ക് വചനവിചിന്തനം ചെയ്യാനുള്ള പഠന പരിശീലനം നടന്നു. വെള്ളയമ്പലം ഇടവക ഹാളിൽ മൂന്നാം തീയതി ഉച്ചക്കുശേഷം നടന്നു. റവ. ഡോ. ലോറൻസ് കുലാസ് ആണ് ക്ലാസ് നയിച്ചത്. 126 പേർ പങ്കെടുത്തു.

അതിരൂപതാ നിർദ്ദേശങ്ങൾക്ക് ഊന്നൽ നൽകികൊണ്ടും ഫെറോനയുടെ തനതായ സവിശേഷത ഉൾക്കൊണ്ടുകൊണ്ടും 2018– 19 പദ്ധതി വർഷത്തേക്കുള്ള ഫെറോന പ്ലാനും ബജറ്റും തയ്യാറാക്കി മാർച്ച് 4–ാം തീയതി പാളയം പാരിഷ് ഹാളിൽ ചേർന്ന ഫെറോനാ ജനറൽബോഡയിൽ അവതരിപ്പിച്ചു പാസാക്കി.

**ഇടവകതലം**

എല്ലാ ഇടവകകളും വിശുദ്ധവാരം സംയുക്ത കുരിശിന്റെ വഴി, ഒരുക്കധ്യാനം, യൂണിറ്റുകൾ കേന്ദ്രീകരിച്ചുള്ള കുരിശിന്റെ വഴി മുൻ വർഷത്തേക്കാൾ എല്ലാവരും താല്പര്യത്തോടെ പങ്കെടുത്തു.

**പാളയം:** വളരെ നീണ്ട ഒരുക്കത്തോടെ ഇടവക മദ്ധ്യസ്ഥന്റെ തിരുനാൾ ആഘോഷിച്ചു. എല്ലാ യൂണിറ്റുകളുടെയും ശുശ്രൂഷാ സമിതികളുടെയും, ഭക്തസംഘടനകളുടെയും ഏകോപനത്തോടും പങ്കാളിത്തത്തോടും നടന്നു. ഭക്തിനിർഭരമായ നഗരികാണിക്കൽ പ്രദക്ഷിണം മൂന്നുദിവസത്തെ ഒരുക്കധ്യാനത്തോടെ വിശുദ്ധവാരാചരണം നടന്നു. മൂന്നു റീത്തുകളും ചേർന്നുള്ള സംയുക്ത കുരിശിന്റെ വഴി ഒരുക്കം, നടത്തിപ്പ് എന്നിവയിൽ മുഖ്യ പങ്കുവഹിക്കാൻ കഴിഞ്ഞു. മദാന്തരസംവാദത്തിന്റെ ഭാഗമായി ആറ്റുകാൽ പൊങ്കാലക്ക് പാളയത്തെത്തിയവർക്ക് പാളയം ഇമാമിന്റേയും മറ്റു സാമൂഹ്യ നേതാക്കളുടേയും സഹകരണത്തോടെ സമ്പാര വിതരണം നടത്തി.

**വെള്ളയമ്പലം:** യുവജനവർഷാചരണത്തിന്റെ ഭാഗമായി യുവജനങ്ങളെ മുൻ നിർത്തി എല്ലാബി.സി.സി.കളുടെയും സഹകരണത്തോടെ മദ്യവിരുദ്ധ ബോധവത്ക്കരണ പരിപാടി നടന്നു. സിറ്റി പോലീസ് അവതരിപ്പിച്ച മദ്യവിരുദ്ധ നാടകം ഇടവകജനങ്ങൾക്കു പുറമെനിന്ന് വന്നവർക്കും വലിയ അനുഭവമായി, മാകൃകയായി.

**തൃക്കണ്ണാപുരം:** അഞ്ചു യൂണിറ്റുകളും അഞ്ച് ആഴ്ച കുരിശിന്റെ വഴിക്ക് നേതൃത്വം നൽകി. ദുഃഖവെള്ളി മലങ്കര ഇടവക കുന്നപ്പുഴയുമായി സംയുക്ത കുരിശിന്റെ വഴി രാവിലെ നടത്തി. അനുതാപ ശുശ്രൂഷ, രോഗികൾക്കുവേണ്ടി പ്രത്യേക ദിവ്യബലി, രോഗീലേപനശുശ്രൂഷ, പ്രത്യേക കുർബ്ബാന എന്നിവ വിൻസെന്റ് ഡി പോൾ സംഘടനയോടൊത്തു നടത്താൻ കഴിഞ്ഞു.

**ക്രിസ്തുരാജപുരം, കുലശേഖരം:** സംയുക്തമായി 14 പള്ളികളിൽ



പോയി കുരിശിന്റെ വഴി നടത്തി. കുരുത്തോല ഞായർ അഖണ്ഡ കുരിശിന്റെ വഴി എല്ലാ യൂണിറ്റുകളും ചേർന്ന് നടത്തി. പെസഹാ അപ്പം യൂണിറ്റുതലത്തിൽ തയ്യാറാക്കി പള്ളിയിൽ വച്ച് എല്ലാവരുമൊത്തു ഭക്ഷിച്ചു. ക്രിസ്തുരാജപുരത്ത് ഗാഗുൽത്താമല ഒരുക്കി ജപമാലയർപ്പിച്ചു പ്രാർത്ഥിച്ചു.

**കാഞ്ഞിരംപാറ:** നാലു ദൈവാലയങ്ങളിലെ വിശ്വാസികൾ യോജിച്ച് നെട്ടയം – മഞ്ചാടിമൂല മലങ്കര പള്ളി, കാഞ്ഞിരംപാറ സീറോമലബാർ പള്ളി എന്നിവയിൽ സംയുക്ത കുരിശിന്റെ വഴി ദുഃഖവെള്ളി രാവിലെ 6 മണി മുതൽ നടത്തി.

**കുറവൻകോണം:** ബോയിസ് ഠൗൺ, സ്നേഹാശ്രമം, അസീസി ഭവൻ, ചന്തവിള വൃദ്ധസദനം എന്നിവ സന്ദർശിച്ച് പ്രാർത്ഥിച്ചു. കഴിവുള്ള സഹായം നൽകി. പാവപ്പെട്ടവരുടെ ജീർണ്ണിച്ച ഭവനം വൃത്തിയാക്കൽ, സഹായം തുടങ്ങിയ കാരുണ്യ പ്രവർത്തികളിൽ കൂടുതൽ താല്പര്യം ഉണ്ടായി.

**കുടപ്പനക്കുന്ന്:** ഇടവക വികസനം ലക്ഷ്യം വച്ച് ഇടവക ജനറൽബോഡി യോഗം വിളിച്ചുകൂട്ടി മോൺ. യൂജിൻ എച്ച്. പെരേരയുടെ സാന്നിദ്ധ്യത്തിൽ ഇടവക ജനങ്ങളുടെ ആവശ്യങ്ങൾ പങ്കുവയ്ക്കാൻ അവസരമൊരുക്കി. പഠിച്ചു വേണ്ടതു ചെയ്യാമെന്ന് വികാരി ജനറൽ അറിയിച്ചു. വിശുദ്ധവാരം പേരൂർക്കടയുമായി ചേർന്നു നഗരം ചുറ്റി കാണിക്കൽ ചടങ്ങുനടന്നു.

**പേരൂർക്കട:** എല്ലാ യൂണിറ്റുകളുടെയും പങ്കാളിത്തത്തോടെ വല്ലാർപാടം ബസിലിക്കയിലേക്ക് തീർത്ഥയാത്ര നടത്തി.

| | |
|---|---|
| **ഫാ. ആന്റണി സിൽവസ്റ്റർ** | **ശ്രീ. സെബാസ്റ്റ്യൻ വൈ.** |
| കോഓഡിനേറ്റർ | ആനിമേറ്റർ |

## വലിയതുറ ഫെറോന

അതിരൂപതാ നിദ്ദേശാനുസരണം വലിയതുറ ഫെറോനയിൽ പ്രേഷിത കുരിശിന്റെ പ്രയാണം അർത്ഥവത്തായും ഒരുക്കത്തോടും കൂടി നടത്തുവാനായി ഫെറോന ബി.സി.സി. കമ്മിഷൻ അംഗങ്ങൾക്കും മിഷൻ കോൺഗ്രസിൽ പങ്കെടുത്ത ഫെറോനാ പ്രതിനിധികൾക്കുമായി ഒരു പരിശീലനം 14.03.2018 വൈകുന്നേരം

4 മുതൽ 7 മണിവരെ തോപ്പ് ഇടവക ഹാളിൽ വച്ച് നടത്തുകയുണ്ടായി. പ്രസ്തുത പരിശീലന പരിപാടിക്ക് അതിരൂപതാ ബി.സി.സി. എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. മൈക്കൾ തോമസ്, അതിരൂപതാ കോർ ടീം കൺവീനർ ശ്രീ. ജാക്സൻ, അല്മായ ശുശ്രൂഷാ ഡയറക്ടർ ശ്രീ. ആർക്കാഞ്ചലോ, അതിരൂപതാ ബി.സി.സി. ജോയിന്റ് എക്സിക്യൂട്ടീവ് സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നൽകി. വലിയതുറ ഫൊറോന വികാരി വെരി റവ. ഫാ. സൈറസ് കളത്തിൽ, ഫൊറോന വൈദിക കോ-ഓർഡിനേറ്റർ ഫാ. ലാസർ ബെനഡിക്ട്, ഫൊറോന ആനിമേറ്റർ സിസ്റ്റർ ഹേമ, കമ്മിഷൻ സെക്രട്ടറി ശ്രീ ജോളിമാസ്, ശ്രീ. ആർ. വി. ജോളി എന്നിവർ വേണ്ട ക്രമീകരണങ്ങൾ ചെയ്തു.

പ്രേഷിത കുരിശിന്റെ പ്രാധാന്യത്തെക്കുറിച്ചും അവ ലക്ഷ്യം വയ്ക്കുന്ന ദൈവജനമതയുടെ നന്മയെയും ആത്മീയ വളർച്ചയെക്കുറിച്ചുള്ള ഒരു വ്യക്തമായ അവബോധം നൽകാൻ കഴിഞ്ഞു. സഭയുടെ ഉത്ഭവത്തെയും സവിശേഷതകളെയും കുറിച്ച് ശ്രീമാൻ സെബാസ്റ്റ്യനും അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളിലൂടെയും (ആഇഇ) ശുശ്രൂഷാ സമിതികളിലൂടെയും സഭ നവീകരിക്കപ്പെടുന്നതെങ്ങനെയെന്ന് ശ്രീമാൻ ആർക്കാഞ്ചലോയും പ്രേഷിത കുരിശിലെ പ്രതീകങ്ങളെയും വിവരണങ്ങളെയും സംബന്ധിച്ച് ഫാ. മൈക്കൾ തോമസ് വിവരം നൽകി.

ഇതേ തുടർന്ന് പത്തു ഇടവകകളിലും പ്രേഷിത കുരിശിന്റെ പ്രയാണത്തിന് മുന്നോടിയായി ഇതേ ക്ലാസ് ലഭിക്കത്തക്കവിധം റിസോഴ്സ് ടീമിന് രൂപം നൽകുകയുണ്ടായി.

സിസ്റ്റർ ലീന (വേളി), ശ്രീ. ജെയിംസ് (വേളി), ശ്രീ. ആൻസൻ (വെട്ടുകാട്), ശ്രീ. വിൻസെന്റ്, ശ്രീ. ജോസഫ് (കണ്ണാന്തുറ), ശ്രീമതി കാതറിൻ, ശ്രീമതി ഷീല (തോപ്പ്), ശ്രീ. ജോളി മാസ് (ചെറുവെട്ടുകാട്).

വലിയതുറ ഫൊറോനയിൽ പ്രേഷിത കുരിശിന്റെ പ്രയാണം ഏപ്രിൽ 3 മുതൽ 13 വരെ ആയിരിക്കും. വലിയവേളി ഇടവക പ്രേഷിത കുരിശ് പുതുക്കുറിച്ചി ഫൊറോനയിൽ നിന്ന് ഏറ്റുവാങ്ങുകയും ഫൊറോനകളിലെ ഇടവകകളിലൂടെ പ്രയാണം ചെയ്ത് ചെറിയതുറയിൽ നിന്ന് ഏപ്രിൽ 13 ന് കോവളം ഫൊറോനയിലേക്ക്



കൈമാറുകയും ചെയ്യും. 60 അംഗങ്ങൾ ഈ യോഗത്തിൽ പങ്കെടുത്തു. സമാപന പ്രാർത്ഥനയോടുകൂടി യോഗം അവസാനിച്ചു.

**ഫാ. ലാസർ ബനഡിക്ട്** — **സിസ്റ്റർ ഹേമ**
കോഓഡിനേറ്റർ — ആനിമേറ്റർ

### കോവളം ഫൊറോന

കോവളം ഫൊറോനയിലെ ഡിസംബർ ജനുവരി ഫെബ്രുവരി മാസത്തെ ബിസിസി കമ്മിഷൻ യോഗവും ഇടവക സന്ദർശനവും ബഹുമാനപ്പെട്ട സുരേഷ് അച്ചന്റെ നേതൃത്വത്തിൽ നടന്നു. ഓഖി ദുരന്തത്തിൽ ഫൊറോനയിലെ വിഴിഞ്ഞം, പൂന്തുറ ഇടവകയിലെ അനേകം ഭവനങ്ങളും, സഹോദരങ്ങളും കടന്നുപോയ ദുഃഖദിനങ്ങളോടനുബന്ധിച്ച് ഇടവകകളിലെ എല്ലാ ആഘോഷങ്ങളും മാറ്റിവച്ചു. എല്ലാ ഇടവകകളും ഓഖി ദുരന്തത്തിൽ മരണമടഞ്ഞവരുടെയും കാണാതായവരുടെയും ഭവനങ്ങൾ സന്ദർശിക്കുകയും പ്രത്യേകമായി പ്രാർത്ഥിക്കുകയും സഹായങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്തു.

**വിഴിഞ്ഞം**: വിഴിഞ്ഞം ഇടവകയിൽ ഇപ്പോൾ 172 യൂണിറ്റുകളും 4337 കുടുംബങ്ങളും ഉണ്ട്. ഓരോ യൂണിറ്റും മാസത്തിൽ രണ്ടു പ്രാവശ്യവും പ്രാദേശീകങ്ങളിൽ മാസത്തിൽ ഒരു പ്രാവശ്യവും യോഗം കൂടുന്നു. ഈ വർഷത്തെ ലോഗോസ് ക്വിസ് മത്സരത്തിൽ രൂപതയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുവാൻ സാധിച്ചു. 2017 നവംബർ 29 ന് നടന്ന ഓഖി ദുരന്തത്തിൽ വിഴിഞ്ഞം ഇടവകയിൽ 12 പേർ മരിക്കുകയും 26 പേരെ കാണാതാവുകയും മറ്റ് അനേകം നാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്തു. അനേകം നല്ല മനസ്സുകൾ ഇടവക സന്ദർശിക്കുകയും വിവിധതര സഹായങ്ങൾ ചെയ്യുകയും ഉണ്ടായി. അതെല്ലാം നന്ദിയോടെ സ്മരിക്കുന്നു. മരണമടഞ്ഞവരുടെയും, കാണാതായവരുടെയും തത്ക്കാല ആശ്വാസമായി ഇടവക 5000 രൂപാ വീതം നല്കുകയുണ്ടായി. മറ്റു കുടുംബങ്ങൾക്ക് 25 കിലോഗ്രാം അരിവീതവും നൽകി. മരണമടഞ്ഞവർക്കും, കാണാതായവർക്കും അനുസ്മരണ ദിവ്യബലിയർപ്പിച്ചു. പിതാക്കന്മാരും, വൈദികരും പങ്കെടുത്തു.

**പുന്നമൂട്**: ഇടവകയിലെ മൂന്ന് യൂണിറ്റുകളുടെയും പ്രവർത്തനങ്ങൾ വളരെ നന്നായി നടന്നുവരുന്നു. പൂന്തുറ, വിഴിഞ്ഞം ഇടവകയിൽ ഓഖി ദുരന്തത്തിൽ മരിച്ചവരുടെയും, കാണാതായവരുടെയും ഭവനങ്ങൾ സന്ദർശിക്കുകയും അവരുടെ ദുഃഖത്തിൽ പങ്കുചേരുകയും ചെറിയ തോതിൽ സഹായങ്ങൾ നൽകുകയും പ്രാർത്ഥിക്കുകയും ചെയ്തു.

**കാക്കാമൂല**: യൂണിറ്റ് യോഗങ്ങൾ കൃത്യമായി നടക്കുന്നു. വാർഷികങ്ങൾ നടത്തി. കരോൾ നടത്തി ക്രിസ്തുവിന്റെ പിറവി സന്ദേശം കുടുംബങ്ങളിൽ എത്തിച്ചു. യൂണിറ്റുകളിലും വിവിധ ശുശ്രൂഷാ സമിതികളിലും ക്രിസ്തുമസ്സ് ആഘോഷങ്ങൾ നടത്തി. പാവങ്ങൾക്ക് കിറ്റ് വിതരണം നടത്തി. ഓഖി ദുരന്തത്തിൽ എക്യുമെനിക്കൽ ഫെലോഷിപ്പിനോടൊപ്പം വികാരിയച്ചന്റെ നേതൃത്വത്തിൽ ഇടവകജനങ്ങൾ സഹകരിക്കുകയുണ്ടായി. വൃദ്ധ ജനങ്ങളെ ആദരിച്ചു. ആഴാകുളത്ത് നടന്ന ഫെറോന ഓറിയന്റേഷൻ ക്ലാസ്സിൽ ഇടവകയിലെ എല്ലാ ലീഡേഴ്സും പങ്കെടുത്തു.

**വവ്വാമൂല**: ഇടവക യൂണിറ്റുകൾ പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുന്നു. രോഗികളെ സന്ദർശിക്കുകയും, പ്രാർത്ഥിക്കുകയും സഹായങ്ങൾ നൽകുകയും ചെയ്യുന്നു. കെ.സി.വൈ.എം അംഗങ്ങൾ കലോത്സവത്തിൽ ഫെറോനയിൽ നിന്നും, രൂപതയിൽ നിന്നും സമ്മാനങ്ങൾ കരസ്ഥമാക്കി ക്രിസ്തുമസ്സിന് രോഗികളെ സന്ദർശിക്കുകയും ചെറിയ സമ്മാനങ്ങൾ നൽകുകയും ചെയ്തു. ലീജൻ ഓഫ് മേരിയുടെ നേതൃത്വത്തിൽ ഓഖി ദുരന്തത്തിൽ കഷ്ടമനുഭവിച്ചവരെ സന്ദർശിക്കുകയും സഹായിക്കുകയും ചെയ്തു. കരോൾ നടത്തി. പുതുവത്സരത്തിൽ പാവങ്ങൾക്ക് കിറ്റ് നൽകി. നോമ്പുകാലത്ത് യൂണിറ്റിൽ, ദിവസവും വിവിധ കുടുംബങ്ങളിൽ കുരിശിന്റെ വഴി നടത്തുന്നു.

**പരുത്തിക്കുഴി**: യൂണിറ്റ് യോഗങ്ങൾ കൃത്യമായി നടക്കുന്നു. ലൂർദ്ദ് മാതാവിന്റെ തിരുന്നാൾ ഇടവക ജനങ്ങൾ ഭക്തിപൂർവ്വം കൊണ്ടാടി. രോഗിദിനത്തിൽ കെസിവൈഎം അംഗങ്ങൾ കിടപ്പു രോഗികളെ സന്ദർശിക്കുകയും ചെയ്തു. നോമ്പുകാലത്ത് കുരിശിന്റെ വഴി നടത്തുന്നു.



**പെരിങ്ങമ്മല**: യോഗങ്ങൾ മുടങ്ങാതെ നടക്കുന്നു. സ്ഥിരമായി ബിസിസി യോഗങ്ങളിൽ വരാത്തവരുടെ ഭവനങ്ങൾ സന്ദർശിക്കുന്നു. കിടപ്പുരോഗികൾക്ക് വിശുദ്ധ കുർബാന നൽകുന്നു. നോമ്പുകാലത്ത് തീർത്ഥാടനം നടത്തുന്നു. ബിസിസി യൂണിറ്റുകളിൽ കുരിശിന്റെ വഴി നടത്തുന്നു. എല്ലാ ശുശ്രൂഷാ സമിതികളും ഇടവകയുടെ സമഗ്ര വളർച്ചയ്ക്ക് പ്രവർത്തിക്കുന്നു.

**ഫാ. സുരേഷ്** — **സി. ജമിനി**
കോഓഡിനേറ്റർ — ആനിമേറ്റർ

## പുല്ലുവിള ഫെറോന

10.03.2018 ശനിയാഴ്ച 10 മണി മുതൽ 1 മണി വരെ ഫെറോന ബി.സി.സി. റിസോഴ്സ് ടീം അംഗങ്ങൾക്കുള്ള പരിശീലനവും പ്രേഷിത കുരിശിന്റെ പ്രയാണത്തിനായി ഫെറോന കോർ ഗ്രൂപ്പ് രൂപീകരണവും നടത്തി. മിഷൻ കോൺഗ്രസിൽ പങ്കെടുത്തവരും ബി.സി.സി. കോർഡിനേറ്റർമാരും റിസോഴ്സ് ടീം അംഗങ്ങളുമായി 12 ഇടവകകളിൽ നിന്ന് 30 പേർ പങ്കെടുത്തു. രൂപതാ റിസോഴ്സ് ടീം അംഗങ്ങളായ ഫാ. മൈക്കൾ തോമസ്, സെബാസ്റ്റ്യൻ സാർ, ശ്രീ. ആർക്കാഞ്ചലോ, ശ്രീ. ജാക്സൻ എന്നിവർ ക്ലാസുകൾക്കു നേതൃത്വം നൽകി. പ്രവർത്തനങ്ങൾ സുഗമമാക്കാൻ ഫെറോന കമ്മിഷൻ സെക്രട്ടറി ജോയി കൺവീനറായിട്ടുള്ള 7 പേർ അടങ്ങുന്ന കോർ ടീമിനെയും ക്ലാസുകളെടുക്കുന്നതിന് ആന്റണി കോർഡിനേറ്റർ ആയിട്ടുള്ള 5 പേർ അടങ്ങുന്ന ടീമിനെ തെരഞ്ഞെടുത്തു. പുല്ലുവിള ഫെറോനയിലെ പ്രേഷിത കുരിശിന്റെ പ്രയാണം ഏപ്രിൽ 23 മുതൽ മേയ് 9 വരെ ആയിരിക്കും. ഫെറോന വൈദിക കോ-ഓർഡിനേറ്റർ ഫാ. നിജു അജിത്തും ആനിമേറ്റർ സിസ്റ്റർ മേരിക്കുട്ടിയും ഫെറോനാ കമ്മിഷൻ സെക്രട്ടറി ശ്രീമാൻ ജോയിയും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തു.

**ഫാ. നിജു അജിത്ത്** — **സിസ്റ്റർ മേരിക്കുട്ടി**
കോഓഡിനേറ്റർ — ആനിമേറ്റർ

# അജപാലനശുശ്രൂഷ

## ബൈബിൾ കമ്മിഷൻ

**A. പ്രവർത്തന റിപ്പോർട്ട്**

**1) സദ്ബോധന ബൈബിൾ സ്ക്കൂൾ**

സദ്ബോധന ബൈബിൾ സ്ക്കൂൾ നാലാം ബാച്ചിലേക്കുള്ള രണ്ടാമത്തെ ക്ലാസ് മർക്കോസ് എഴുതിയ സുവിശേഷം റവ. ഡോ. ലോറൻസ് കുലാസ് ക്ലാസ് നയിച്ചു. 50 പേർ പങ്കെടുത്തു.

**2) അവധിക്കാല ബൈബിൾ സ്ക്കൂൾ (വി.ബി.എസ്)**

ദൈവകല്പനകളെ ആസ്പദമാക്കി 2018 വി.ബി.എസ്. ക്ലാസിലേയ്ക്കുള്ള പഠന സഹായികൾ, വർക്ക് ബുക്ക്, സി.ഡി. എന്നിവ അജപാലന ഓഫീസിൽ നിന്നും വിതരണം നടത്തുന്നു. (നേഴ്സറി വിഭാഗവും, നാല് മുതൽ പ്ലസ്-ടു വരെ രണ്ട് വിഭാഗങ്ങൾക്കാണ് പഠന സഹായി തയ്യാറാക്കിയിട്ടുള്ളത്. (ഹാൻബുക്ക്, വർക്ക്ബുക്ക് - 15/-രൂപ , സി.ഡി. - 150 രൂപ/-

**B. അറിയിപ്പ്**

**1) സദ്ബോധന ബൈബിൾ സ്കൂൾ**

അടുത്ത ബെബിൾ ക്ലാസ് ഏപ്രിൽ 21-ാം തിയതി 9:30 മുതൽ 4 മണിവരെ വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് നടക്കുന്നതാണ് വിഷയം : ലൂക്കാ എഴുതിയ സുവിശേഷം, അപ്പസ്തോലപ്രവർത്തനങ്ങൾ.

**2) അവധിക്കാല ബൈബിൾ സ്ക്കൂൾ (വി.ബി.എസ്)**

14.04.2018 ശനിയാഴ്ച രാവിലെ 9.00 മണി മുതൽ വൈകുന്നേരം 4.00 മണിവരെ പാളയം സന്റ് ജോസഫ് പാരിഷ് ഹാളിൽ വച്ച്



വി.ബി.എസ്. അതിരൂപതാതല പരിശീലനം നല്കുന്നു. ഇടവക-സബ്സ്റ്റേഷൻ പ്രതിനിധികരിച്ച് നാല് അധ്യാപകർ വീതം പരിശീലനത്തിൽ വരേണ്ടതാണ്.

**3) അവധിക്കാല ബൈബിൾ സ്ക്കൂൾ (വി.ബി.എസ്)**

ഏപ്രിൽ മാസം 23 മുതൽ 27 വരെയാണ് എല്ലാ ഇടവകകളിലും വി.ബി.എസ്. നടത്താൻ നിർദ്ദേശിച്ചിരിക്കുന്ന ദിവസങ്ങൾ. സാധിക്കുമെങ്കിൽ 28-ാം തിയതി ഫെറോനതല വിശ്വാസസംഗമം നടത്തുന്നത് നന്നായിരിക്കും.

## ക്രിസ്തീയവിശ്വാസജീവിതപരിശീലന കമ്മിഷൻ

**A. അറിയിപ്പ്**

**I. ഫെറോന പരീക്ഷ**

| | | |
|---|---|---|
| തീയതി | : | 08.04.2017 (ഞായർ) |
| സമയം | : | 2 pm - 4 pm |
| സ്ഥലം | : | ഫെറോന സെന്റർ |
| ക്ലാസ്സുകൾ | : | V മുതൽ PG വരെ ക്ലാസ്സുകളിൽ ഇടവക തലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയവർ. |
| N. B. | : | അധ്യാപകരുടെ പരീക്ഷ ഈ ദിവസം ഫെറോന സെന്ററിൽ വച്ച് ഉണ്ടായിരിക്കും. അധ്യാപകരുടെ പരീക്ഷയ്ക്ക് ഒരു ഇടവകയിൽ നിന്നും പങ്കെടുക്കുന്നവരുടെ എണ്ണത്തിന് പരിധിയില്ല. അധ്യാപകരുടെ പാഠ്യവിഷയം : “പ്രായോഗിക മതബോധനം” |

## ഫെറോന പരീക്ഷ കേന്ദ്രവും നിയന്ത്രിക്കുന്നവരും

| ഫെറോന | പരീക്ഷ കേന്ദ്രം | പരീക്ഷ നിയന്ത്രിക്കുന്നവർ |
|---|---|---|
| അഞ്ചുതെങ്ങ് | സെന്റ് ജോസഫ്സ് H.S.S. അഞ്ചുതെങ്ങ് | വെരി റവ. ഫാ. ജോസഫ് ബാസ്കർ, റവ. ഫാ. ജോൺ ഡാൾ, റവ. ഫാ. പ്രദീപ് ജോസഫ്, സിസ്റ്റർ തെരേസ്, ശ്രീ. ഇഗ്നേഷ്യസ് ലയോള, ശ്രീമതി എമില ജോൺസൺ, ശ്രീമതി ജെപ്സി സാബു. |
| പുതുക്കുറിച്ചി | ജ്യോതിനിലയം H.S.S. സെന്റ് ആൻഡ്രൂസ് | വെരി റവ. ഫാ. വിൽഫ്രഡ് ഇ., റവ. ഫാ. ജെറോം അൽഫോൺസ്, റവ. ഫാ. ഷാജിൻ ജോസ്, സിസ്റ്റർ ലിസി, ശ്രീ. ഫ്ലിന്റൻ, ശ്രീമതി സുധ ബഞ്ചമിൻ, ശ്രീ.ഫെഡറിക് പെരേര, ശ്രീമിതി ലാലി നിജേഷ്. |
| വലിയതുറ | സെന്റ് ആന്റണീസ് H.S.S. വലിയതുറ | വെരി റവ. ഫാ. സൈറസ് കളത്തിൽ, റവ. ഫാ. മെൽക്കൻ, റവ. ഫാ. ഫ്രെഡി ജോയി, സിസ്റ്റർ ബെസി സിസിആർ, ശ്രീ. മനോജ് റോക്കി, ശ്രീമതി സോണിയ സുബാഷ്, ശ്രീ. സെബാസ്റ്റ്യൻ ക്ലെമന്റ്, ശ്രീ. ജോസഫ് ആന്റണി. |



| ഫെറോന | പരീക്ഷ കേന്ദ്രം | പരീക്ഷ നിയന്ത്രിക്കുന്നവർ |
|---|---|---|
| പാളയം | ഹോളി ഏഞ്ചൽസ് കോൺവെന്റ് സ്ക്കൂൾ | വെരി റവ. ഫാ. ജോർജ്ജ് ഗോമസ്, റവ. ഫാ. മുത്തപ്പൻ അപ്പോലി, റവ. ഫാ. സനീഷ്, സിസ്റ്റർ ലവീന ജോസഫ്, ശ്രീമതി സുശീല ലോപ്പസ്, ശ്രീമതി വിക്ടോറിയ വൈ., ശ്രീ. ആന്റണി രാജ്, ശ്രീ. ഷിബു കുമാർ. |
| കോവളം | സെന്റ് ഫിലോമിനാസ് സ്കൂൾ, പൂന്തുറ | വെരി റവ. ഫാ. ജെസ്റ്റിൻ ജൂഡിൻ., റവ. ഫാ. ബീഡ് മനോജ്, റവ. ഫാ. സുധീഷ് എ., സിസ്റ്റർ അർച്ചന ഒ.എസ്. എസ്., ശ്രീ. സിൽവദാസ് എഫ്., ശ്രീ. എസ്. സേവ്യർ, ശ്രീമതി. ലില്ലി പി., ശ്രീമതി ഒ. ലതിക. |
| പുല്ലുവിള | ലിയോ XIII H.S.S. പുല്ലുവിള | വെരി റവ. ഫാ. ജോസഫ് ബാസ്റ്റ്യൻ, റവ. ഫാ. ആന്റോ ഡിക്സൺ, റവ. ഫാ. പ്രബൽ ജോസഫ്, സിസ്റ്റർ ബ്രിജിറ്റ്, ശ്രീ. ക്ലാരൻസ് റ്റി., ശ്രീമതി ലീല താർസിയൂസ് , ശ്രീമതി ഗ്ലാഡിസ് റാണി, ശ്രീ. വിജയ കുമാർ |

| ഫൊറോന | പരീക്ഷ കേന്ദ്രം | പരീക്ഷ നിയന്ത്രിക്കുന്നവർ |
|---|---|---|
| കഴക്കൂട്ടം | ഇൻഫെന്റ് ജീസസ് സ്കൂൾ, മുരുക്കുംപുഴ | വെരി റവ. ഫാ. ജോർജ്ജ് പോൾ., റവ. ഫാ. എൽകിൻ ജോസഫ്, വെരി റവ. മോൺ. തോമസ് നെറ്റോ, സിസ്റ്റർ രമണി, ശ്രീ. ജോൺ, ശ്രീമതി ജൂലിയറ്റ് പോൾ, ശ്രീ. വിനോദ് തോമസ്, ശ്രീമതി യൂജിൻ പോൾ. |
| പേട്ട | മരിയൻവില്ല ISC School കുമാരപുരം | വെരി റവ. ഫാ. പങ്ക്രേഷ്യസ്., റവ. ഫാ. ബിനു ജോസഫ് അലക്സ്, റവ. ഫാ. അഗസ്റ്റിൻ ജോൺ, സിസ്റ്റർ ആഗ്നസ്, ശ്രീ. എൻ. ജെ. ഫ്രാൻസിസ്, ശ്രീ. ആർ. കുട്ടപ്പൻ, ശ്രീമതി ലില്ലി ഹണി, ശ്രീ. എ. വി. തോമസ്. |

## ആരാധന കമ്മിഷൻ

**അറിയിപ്പ്**

**1.** വിശുദ്ധവാരത്തിൽ ഉപയോഗിക്കുന്ന "വിശുദ്ധവാര തിരുകർമ്മം" എന്ന പുസ്തകം പരിഷ്കരിച്ച റോമൻ മിസ്സാളിലെ പ്രാർഥനകളും തിരുകർമാനുഷ്ഠാനങ്ങളും ഉൾചേർത്ത് കെ.ആർ.എൽ. സി.ബി.സി. പ്രസിദ്ധീകരിക്കുന്നു. ആയതിനാൽ പഴയ "വിശുദ്ധവാരതിരുകർമ്മം" എന്ന പുസ്തകത്തിന് പകരം പുതിയ "വിശുദ്ധവാരതിരുകർമ്മം" എല്ലാ ഇടവകകളും ഈ വർഷം



മുതൽ ഉപയോഗിക്കേണ്ടതാണ് അതിരൂപത അജപാലനശുശ്രൂഷാകാര്യാലയത്തിൽ പുസ്തകം ലഭ്യമാണ്.

## ദൈവശാസ്ത്രം

**A. പ്രവർത്തനം**

### 1) "ദിവ്യബോധന" ദൈവശാസ്ത്രപഠന കോഴ്സ്

"ദിവ്യബോധന" ദൈവശാസ്ത്ര പഠനകോഴ്സ് മാർച്ച് 17-ാം തിയതി ശനിയാഴ്ച രാവിലെ 9.30 ന് വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് നടന്നു. അതിൽ 40 പേർ പങ്കെടുത്തു. "സഭാവിജ്ഞാനിയം" എന്ന വിഷയത്തെ ആസ്പദമാക്കി റവ. ഫാ. മൈക്കിൾ തോമസ് ക്ലാസ് നയിച്ചു.

**അറിയിപ്പ്**

1. "ദവ്യബോധന" ദൈവശാസ്ത്ര പഠന കോഴ്സിന്റെ അടുത്ത ക്ലാസ്ഏപ്രിൽ 21-ാം തിയതി ആനിമേഷൻ സെന്ററിൽ വച്ച് നടത്തപ്പെടും. വിഷയം: "ക്രിസ്തുവിജ്ഞാനിയം"

2. **ദിവ്യബോധന ദൈവശാസ്ത്ര പഠനം**

ദൈവശാസ്ത്രം ആഴത്തിൽ പഠിച്ച് തങ്ങളുടെ സാക്ഷ്യം കൂടുതൽ ഫലപ്രദമാക്കാൻ ആഗ്രഹിക്കുന്നവർക്കായി അജപാലന ശുശ്രൂഷ ഒക്ടോബർ 2016-ൽ **"ദിവ്യബോധന"** ദൈവശാസ്ത്ര പഠന കേന്ദ്രം ആരംഭിച്ച വിവരം അച്ചന് അറിവുള്ളതാണല്ലോ! മതാദ്ധ്യാപകർക്കും, സിസ്റ്റേഴ്സിനും, ഇടവക പ്രവർത്തനങ്ങളിൽ നേതൃത്വസ്ഥാനത്ത് ഉള്ളവർക്കും വിശ്വാസകാര്യങ്ങളിൽ താത്പര്യമുള്ളവർക്കും ഏറെ ഉപകാരപ്രദമാണ് ഈ ദൈവശാസ്ത്ര പഠനം. മലയാള ഭാഷയിൽ 4 സെമസ്റ്ററുകളായി നടത്തപ്പെടുന്ന ഈ കോഴ്സിലെ ഏപ്രിൽ 2018 ബാച്ചിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവരുടെ രജിസ്ട്രേഷൻ ആരംഭിച്ച വിവരം സന്തോഷപൂർവ്വം അറിയിച്ചുകൊള്ളുന്നു.

☞ ഓരോ സെമസ്റ്ററിലും ആറ് കോൺടാക്ട് ക്ലാസ്സുകൾ ഉണ്ടായിരിക്കും

☞ കോൺടാക്ട് ക്ലാസ്സ് ദിവസങ്ങളിലുള്ള ഭക്ഷണം, ടെക്സ്റ്റ് ബുക്കുകൾ എന്നിവ ഉൾപ്പെടെ ഫീസ് ഒരു സെമസ്റ്ററിന് 1000 രൂപ.

☞ ഓരോ സെമസ്റ്ററിലും 8 മുതൽ 10 വരെ പുസ്തകങ്ങൾ പഠിക്കാൻ നല്കുന്നതാണ്.

☞ 2018 ഏപ്രിൽ 21 ന് ആരംഭിക്കുന്ന പുതിയ ബാച്ചിൽ ചേരാൻ ആഗ്രഹിക്കുന്നവർ ഏപ്രിൽ 10 ന് മുമ്പായി അജപാലനശുശ്രൂഷ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## കരിസ്മാറ്റിക് മുന്നേറ്റം

### A. പ്രവർത്തനം

**1. ഏകദിന ധ്യാനം**

ഫെബ്രുവരി മാസം 27-ാം തിയതി പാളയം പള്ളിയിലെ മദർ തെരേസ ഹാളിൽ വച്ച് നടന്ന ഏകദിന ധ്യാനത്തിൽ 130 പേർ പങ്കെടുത്തു. ജപമാല, സ്തുതിപ്പ്, ആരാധന, വചന പ്രഘോഷണം എന്നിവ ഉണ്ടായിരുന്നു. ഫാ. അജിൻ അൽബർണാസ്, ബ്ര. ജോസഫ് ദാസ് എന്നിവർ വചനം പ്രഘോഷിച്ചു.

**2) നീർച്ചാൽ - 18**

മാർച്ച് മാസം 10-ാം തിയതി കെ.സി.ബി.സി.ആർ.എസ്.ടി, സതേൺ സബ് റീജിയൻ തലത്തിൽ സോണൽ സർവ്വീസ് ടീം അംഗങ്ങളേയും, സോണൽ മിനിസ്ട്രി സർവ്വീസ് ടീം അംഗങ്ങളുടേയും, ഫിനാൻസ്, ജീവജ്വാല കൗൺസിലുകളുടേയും, സബ്സോൺ കോ-ഓർഡിനേറ്റർമാരുടേയും സംഗമം- **"നീർച്ചാൽ-18"** വെള്ളയമ്പലത്തുള്ള ലിറ്റിൽ ഫ്ളവർ ചർച്ച് പാരിഷ്



ഹാളിൽ സംഘടിപ്പിച്ചു. ഈ സംഗമത്തിൽ പുനലൂർ, കൊല്ലം, നെയ്യാറ്റിൻകര, തിരുവനന്തപുരം എന്നി സോണുകളിൽ നിന്നായി 180 അംഗങ്ങൾ പങ്കെടുത്തു. 55 അംഗങ്ങളുടെ സാന്നിദ്ധ്യം ഉണ്ടായിരുന്ന തിരുവനന്തപുരം സോണാണ് ഇത് സംഘടിപ്പിച്ചത്.

കെ.സി.സി.ആർ.എസ്.ടി.ചെയർമാൻ ഫാ. വർഗ്ഗീസ് മുണ്ടക്കൽ അദ്ധ്യക്ഷ പ്രസംഗം നടത്തി. തുടർന്ന് അതിരൂപതാ അഭിവന്ദ്യ ക്രിസ്തുദാസ് സഹായ മെത്രാൻ "നീർച്ചാൽ-18" ഉത്ഘാടനം ചെയ്തു. അതിനുശേഷം കെ.സി.സി.ആർ.എസ്.ടി.വൈസ് ചെയർമാൻ ഷാജി വൈക്കത്തു പറമ്പിൽ വിവിധ മിനിസ്ട്രിയിലെ പ്രവർത്തനങ്ങളെപ്പറ്റി വിവരിച്ചു. എസെക്കിയൽ പ്രവാചകന്റെ പുസ്തകം 47:1-12വരെയുള്ള തിരുവചനം വായിച്ചുകൊണ്ടാണ് സംഗമം തുടങ്ങിയത്. വിവിധ മിനിസ്ട്രിയിലെ അംഗങ്ങളുമായി കെ.സി.സി.ആർ.എസ്.ടി. അംഗങ്ങൾ ചർച്ചകൾ നടത്തുകയും ചെയ്തു.

# കുടുംബപ്രേഷിത ശുശ്രൂഷ

**യേശുവിന്റെ മനശാസ്ത്രം**

ക്രിസ്തു മനഃശാസ്ത്രം എന്ന വിഷയത്തെ ആസ്പദമാക്കി പോസിറ്റീവ് മനഃശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലുള്ള സെമിനാർ മാർച്ച് 9, 10 തീയതികളിൽ വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് നടന്നു. റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് സെമിനാർ ഉദ്ഘാടനം ചെയ്തു. ശ്രീ. അലക്സാണ്ടർ ജേക്കബ് ഐ പി എസ്, ശ്രീ. ബാബുപോൾ ഐ എ എസ് എന്നിവർ തങ്ങളുടെ ജീവിതത്തിലെ ക്രിസ്ത്വാനുഭവം പങ്കുവച്ചു. 150 പേർ പങ്കെടുത്ത ക്ലാസ്സിൽ കുടുംബപ്രേഷിത ശുശ്രൂഷാ ഡയറക്ടർ റവ. ഫാ. എ. ആർ. ജോൺ ക്ലാസ്സുകൾ നയിച്ചു.

**കൗൺസിലിംഗ് കോഴ്സ്**

കുടുംബപ്രേഷിതശുശ്രൂഷയുടെ കീഴിൽ ആരംഭിച്ച ആറു മാസം നീണ്ടുനിൽക്കുന്ന പാസ്റ്ററൽ കൗൺസിലിംഗ് കോഴ്സിന്റെയും, കേന്ദ്ര-കേരള സർക്കാരുകളുടെ (SRC) അംഗീകാരത്തോടെയുള്ള സർട്ടിഫിക്കറ്റ് കോഴ്സിന്റെ ഒന്നാം ബാച്ചിന്റെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. 100% വിജയം കൈവരിച്ചു.

രണ്ടാം ബാച്ചിന്റെ മാർച്ച് മാസത്തെ ക്ലാസ്സ് 24-ാം തീയതി നടന്നു. 30 പേർ പങ്കെടുക്കുന്ന ക്ലാസ്സിൽ റവ. ഡോ. ആൻഡ്രൂസ് കോസ്മോസ്, റവ. ഫാ. എ. ആർ. ജോൺ, റവ. ഫാ. എഡിസൻ. വൈ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ഈ ബാച്ചിന്റെ ഇന്റേൺഷിപ്പ് നടന്നുവരുന്നു.

**കൗൺസിലിംഗ്**

വിവിധ ഇടവകകളിൽ നിന്നും വന്ന 40 പേർക്ക് പ്രശ്നപരിഹാരത്തിന് നിർദ്ദേശം നൽകാൻ സാധിച്ചു.

അതിരൂപതാ കേന്ദ്രമാക്കി ആരംഭിച്ചിട്ടുള്ള കൗൺസിലിംഗ് സെന്റർ ജൂബിലി ആനിമേഷൻ സെന്ററിലെ റൂം നമ്പർ 5 ൽ



പ്രവർത്തിച്ചുവരുന്നു. **9400101044** എന്ന നമ്പരിൽ മുൻകൂട്ടി വിളിച്ച് രജിസ്റ്റർ ചെയ്തുവരുന്ന എല്ലാവർക്കും കൗൺസിലിംഗ് സൗകര്യം ഒരുക്കിക്കൊടുക്കുന്നു.

**കെയറിംഗ് ഹാൻഡ്സ്**

ഓഖി ദുരിതത്തിന്റെ ആഘാതമേറ്റവരെ സന്ദർശിക്കുകയും അവരുടെ അവസ്ഥ മനസ്സിലാക്കി വേണ്ട മാനസിക പിൻതുണ നൽകുകയും ചെയ്തു.

ഏകസ്തരായി കഴിയുന്നവരെ സന്ദർശിക്കുകയും അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി അവരെ സഹായിക്കുകയും ചെയ്തുവരുന്നു.

**ഏകസ്തരുടെ വെൽഫെയർ**

വിവാഹിതരാകാതെ ഏകാന്തതയിൽ കഴിയുന്നവരുടെ കൂട്ടായ്മയെ ലക്ഷ്യമാക്കിയുള്ള യോഗം 16/3/2017 റവ. ഫാ. എ. ആർ ജോണിന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. ഏകസ്തരായി കഴിയുന്നവരെ ആരാധനക്രമത്തിൽ പങ്കടുപ്പിക്കുക, മാനസികമായി തളർന്നവരെ ചെന്നുകാണുകയും അവർക്ക് വേണ്ട മാനസിക പിൻതുണ നൽകുകയും ചെയ്യുക, ഇടവകതലത്തിലോ യൂണിറ്റുതലത്തിലോ ഉള്ള സഹായസന്നദ്ധതയുള്ളവർ ഏകസ്തരായി കഴിയുന്നവരെ ഇടയ്ക്കിടക്ക് സന്ദർശിക്കുകയും അവരുടെ സങ്കടങ്ങൾ കേൾക്കാനും അവരുടെ രോഗാവസ്ഥയിൽ സഹായിക്കുന്നതിനും വേണ്ട ക്രമീകരണങ്ങൾക്കായി സജ്ജരാക്കുക, എന്നീകാര്യങ്ങൾ ചർച്ച ചെയ്തു.

എക്സിക്യൂട്ടീവ് അംഗങ്ങളും കെയറിംഗ് ഹാൻഡ്സ് (കുടുംബപ്രേഷിത വോളന്റിയർമാർ) പങ്കെടുത്ത യോഗത്തിൽ റവ. ഫാ. ജൂലിയസ് സാവിയോ കെ. എം. സ്വാഗതവും, സി. തങ്കമ്മ കൃതജ്ഞതയും രേഖപ്പെടുത്തി.

**സാന്ത്വനം മംഗല്യം**

കുടുംബപ്രേഷിതശുശ്രൂഷയുടെ കരുണയുടെ മുഖമാണ് സാന്ത്വനം മംഗല്യം. സാമ്പത്തികമില്ലാത്തതുകൊണ്ടു മാത്രം വിവാഹിതരാകാതെ കഴിയുന്ന യുവതികൾക്ക് വിവാഹ സഹായം നൽകുക എന്നതാണ് സാന്ത്വനം മാംഗല്യത്തിന്റെ ലക്ഷ്യം. ഇതുവരെയായി 47 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത് 36 പേർ സഹായം നേടിയവരാണ്.

സാന്ത്വനം മംഗല്യത്തിനായി ഈ മാസം 10 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അന്വേഷണ വിധേയമാക്കിയതിനു ശേഷം 4 യുവതികൾക്ക് ധന സഹായം നൽകുവാൻ സാധിച്ചു.

**വിവാഹ മുന്നൊരുക്ക കോഴ്സ്**

മാർച്ച് 2-4 വരെ നടന്ന കോഴ്സിൽ 45 പെൺകുട്ടികളും 51 ആൺകുട്ടികളും മാർച്ച് 19-21 വരെ നടന്ന ക്ലാസ്സിൽ 48 ആൺകുട്ടികളും 54 പെൺകുട്ടികളും പങ്കെടുത്തു. ഇവർ ഗ്രൂപ്പുകളായിതിരിച്ച് ആനുകാലിക പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. എല്ലാവരും സജീവമായി പങ്കെടുത്തു.

**മാര്യേജ് ബ്യൂറോ**

ഈ മാസത്തിൽ മാര്യേജ് ബ്യൂറോയിൽ 19 വ്യക്തികളുടെ പേര് രജിസ്റ്റർ ചെയ്തു.

## അറിയിപ്പുകൾ

**കൗൺസിലിംഗ് കോഴ്സ്**

ഏപ്രിൽ മാസത്തെ കൗൺസിലിംഗ് കോഴ്സുകൾ 7, 21, 28 തീയതികളിൽ വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് നടത്തപ്പെടുന്നു

**വിവാഹ ഒരുക്കസെമിനാർ**

2018 ഏപ്രിൽ 6, 7, 8

23, 24, 25 തീയതികളിൽ നടത്തപ്പെടുന്നു.





## Leadership Awareness & Motivation Programme (LAMP)

തിരുവനന്തപുരം ലത്തീൻ അതിരൂപത യുടെ യുവജന ശുശ്രൂഷയുടെ ആഭിമുഖ്യ ത്തിൽ നടത്തിവരുന്ന ലാമ്പ് കോഴ്സിന്റെ രണ്ടാമത്തെ ക്ലാസ്സ് വെട്ടുതുറ കനോഷ്യൻ കോൺവെന്റിൽ വച്ച് മാർച്ച് 9, 10, 11 തീയതികളിൽ സംഘടിപ്പിച്ചു. നെഹ്റു യുവ കേന്ദ്രയുടെ പ്രഗത്ഭരായ അധ്യാപകർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**യുവജന വർഷാരംഭം ഫെറോനകളിലും ഇടവകകളിലും**

കെ.സി.ബി.സി. 2018 ജനുവരി 6 മുതൽ 2019 ജനുവരി 6 വരെ യുവജന വർഷമായി പ്രഖ്യാപിച്ചതിന്റെ പശ്ചാത്തലത്തിൽ അതിരൂപതാതല യുവജന വർഷം ഉദ്ഘാടനം ചെയ്യപ്പെടുകയും, ഫെറോന തലത്തിലും തുടർന്ന് മാർച്ച് മാസം 4-ാം തീയതി എല്ലാ ഇടവകകളിലും യുവജനവർഷാരംഭം കുറിക്കുകയും ചെയ്തു. അതിനു വേണ്ടി എല്ലാ ഇടവകകളിലും യുവജനവർഷത്തെ കുറിച്ചുള്ള ഓർമ്മ നിലനിർത്താനും അൽത്താരയിൽ സ്ഥാപിക്കുന്നതിനുമായുമുള്ള എംബ്ലം നൽകി. അതോടൊപ്പം അനുദിന ദിവ്യബലിയിൽ ചെല്ലേണ്ടുന്ന യുവജനവർഷ പ്രാർത്ഥനയും നൽകി. അതിരൂപതയിലെ എല്ലാ യുവജനങ്ങൾക്കും ദിവസത്തിൽ 3 പ്രാവശ്യം സ്വയം ചൊല്ലാനായിട്ടുള്ള പോക്കറ്റ് പ്രയർ കാർഡുകൾ നൽകി.

**കുരിശിന്റെ വഴി**

അതിരൂപതയിലെ ഫെറോനകളിൽ യുവജനങ്ങൾ നേതൃത്വം നൽകിയ കുരിശിന്റെ വഴി നടന്നു. നൂറ് കണക്കിന് യുവജനങ്ങളും വിശ്വാസികളും ഈ കുരിശിന്റെ വഴിയിൽ പങ്കെടുത്തു. 'ശ്ലീവ 2018' എന്ന പേരിൽ പുല്ലുവിള ഫെറോനയിൽ നടത്തിയ കുരിശിന്റെ വഴി പൊഴിയൂർ മുതൽ അടിമലത്തുറ വരെ നടത്തപ്പെട്ടു. വലിയതുറ ഫെറോനയുടെ കുരിശിന്റെ വഴി ചെറിയതുറ മുതൽ ശംഖുമുഖം വരെയും കോവളം ഫെറോനയുടെ കുരിശിന്റെ വഴി വിഴിഞ്ഞം മുതൽ ആഴാകുളം വരെയും നടത്തി. 'വിയ ക്രൂച്ചിസ്' എന്ന പേരിൽ പാളയം ഫെറോന വെള്ളയമ്പലം ബിഷപ്സ് ഹൗസിൽ നിന്നാരംഭിച്ച് നന്ദൻകോട് ഇടവക വരെയും കുരിശിന്റെ വഴി നടത്തപ്പെട്ടു.

# വിദ്യാഭ്യാസശുശ്രൂഷ ഫൊറോനകളിൽ

ത്രിഭാഷാജ്ഞാന പരിപോഷണ പരിപാടി 2017-18

തിരുവനന്തപുരം അതിരൂപതയിലെ ഇടവകകളിൽ വിദ്യാഭ്യാസ ശുശ്രൂഷയുടെ നേതൃത്വത്തിൽ നടന്നു വരുന്ന ത്രിഭാഷാജ്ഞാന പരിപോഷണ പരിപാടി എന്ന സർട്ടിഫിക്കഫ്ഫ് പ്രോഗ്രാമിൽ 26-11-2017 ൽ നടത്തിയ എഴുത്തുപരീക്ഷയിൽ മൂന്നു വിഷയങ്ങളിലുമായി 1841 വിദ്യാർത്ഥികൾ പങ്കെടുത്തു. 53 ഇടവകകൾ ഈ പരീക്ഷയിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു. ഉയർന്ന ഗ്രേഡ് നേടി രൂപത സ്കോളർഷിപ്പിന് 15 വിദ്യാർത്ഥികൾ അർഹരായി. വിശദ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| വിഷയം | പങ്കെടുത്ത വിദ്യാർത്ഥികളുടെ എണ്ണം | A ഗ്രേഡ് 45-50 | B ഗ്രേഡ് 40-44 | C ഗ്രേഡ് 35-39 | D ഗ്രേഡ് 30-34 | E ഗ്രേഡ് 25-29 | F ഗ്രേഡ് 25 നു താഴെ | വിജയ % |
|---|---|---|---|---|---|---|---|---|
| മലയാളം | 602 | ഇല്ല | ഇല്ല | 1 | 2 | 9 | 590 | 1.9% |
| ഇംഗ്ലീഷ് | 632 | 4 | 25 | 37 | 46 | 76 | 444 | 29.7% |
| ഹിന്ദി | 607 | 8 | 62 | 91 | 116 | 106 | 224 | 63.9% |
| | 1841 | | | | | | | |

രൂപത സ്കോളർഷിപ്പിന് അർഹരായവരുടെ വിവരങ്ങൾ

| വിഷയം | നമ്പർ | പേര് | ഗ്രേഡ് | ഇടവക |
|---|---|---|---|---|
| മലയാളം | 1 | ശാലിനി എസ് | C | വലിയവേളി |
| | 2 | അലീന വി | D | സെന്റ് സേവ്യഴ്സ, വലിയതുറ |
| | 3 | അമൽ എ.എം | D | പാലപ്പൂർ |
| | 4 | എൽസ ആൻ | D | കുമാരപുരം |
| | 5 | ലിസോയ് ജെസ്‌ലിൻ | A | ശ്രീകാര്യം |
| ഇംഗ്ലീഷ് | 6 | കറ്റാലിൻ ജെ ഒറയിൻ | A | ശ്രീകാര്യം |
| | 7 | സാന്ദ്ര ജെയിംസ് | A | സെന്റ് ആൻഡ്രൂസ്, വെട്ടുതുറ |
| | 8 | റോജൻ | A | പൂന്തുറ |
| | 9 | അബിൻ ക്ലമന്റ് | A | അയിരൂർ |
| | 10 | ജിഷ സെബാസ്റ്റ്യൻ | A | അയിരൂർ |
| | 11 | റ്റന്യ ഗ്രേഷ്യസ് | A | കൊച്ചുവേളി |
| ഹിന്ദി | 12 | ഗീപ് ശിഖ ജെ.ആർ | A | കണ്ണാന്തുറ |
| | 13 | ഡാരൻ ജെ ഗോമസ്സ് | A | തോപ്പ് |
| | 14 | ആശിക്ക് എസ്.എ | A | പെരിങ്ങമ്മല |
| | 15 | അഷിന ബി.ജെ | A | പെരിങ്ങമ്മല |

# ഭവനം ഒരു സമ്മാനം

തിരുവനന്തപുരം ലത്തീൻ അതിരൂപതാ അദ്ധ്യക്ഷൻ ആർച്ച് ബിഷപ്പ് സൂസപാക്യം പിതാവിന്റെ മെത്രാഭിഷേക രജത ജൂബിലി ആഘോഷത്തോടനുബന്ധിച്ച് പാവപ്പെട്ടവർക്കായി അതിരൂപത ആവിഷ്കരിച്ചു വരുന്ന പദ്ധതിയാണ് "ഭവനം ഒരു സമ്മാനം". 410 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള 500000 രൂപ ചിലവ് വരുന്ന ഭവനങ്ങളാണ് നിർമ്മിച്ച് നൽകിയിട്ടുള്ളത്. ഓരോ ഭവനവും ലത്തീൻ അതിരൂപത സാമൂഹ്യ ശുശ്രൂഷയുടെ നേതൃത്വത്തിൽ സന്നദ്ധ സംഘടനകളുടേയും, സ്ഥാപനങ്ങലുടെയും ഇടവകുടെയും, വ്യക്തികളുടെയും, സഹായ സഹകരണത്തോടെയാണ് നടപ്പാക്കുന്നത്. അതിരൂപതാ സുവർണ്ണ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി നടത്തിയ സർവ്വേയിൽ അതിരൂപതാ അംഗങ്ങളായ 6000 ത്തോളം കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭവനങ്ങൾ ഇല്ലായെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ കാരണത്താലാണ് ബ്രഹ്ത്തായ ഒരു ഭവന പദ്ധതിക്ക് അതിരൂപതയെ നിർബന്ധമാക്കിയത്. ഇത്രയും പേർക്ക് ഭവനങ്ങൾ നൽകുന്നതിന് സർക്കാരിന്റെയും, സർക്കാർ ഇതര സ്ഥാപനങ്ങളുടെയും, സഹകരണം സ്വീകരിക്കുന്നതിന് പരിപാടികളുണ്ട്. നിലവിൽ 410 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള ഭവനങ്ങൾ അഞ്ച് ലക്ഷം രൂപയിൽ നിർമ്മിക്കാനാവാത്ത അവസ്ഥയും സംജാതമായിട്ടുണ്ട്. ഈ സാഹചര്യങ്ങൾ നിലനിൽക്കുമ്പോഴും 91 ഗുണഭോക്താക്കൾക്ക് ഭവനങ്ങൾ നൽകാൻ കഴിഞ്ഞു എന്ന ചാരിതാർത്ഥ്യത്തോടുകൂടെ അതിരൂപത സന്തോഷ നിറവിലാണ്. മുരുക്കുംപുഴ ഇടവകയിലെ ഭവനരഹിതരായ കുടുംബങ്ങൾക്ക് കൂടി വീടുകൾ നിർമ്മിച്ച് കഴിയുമ്പോൾ കുറഞ്ഞ സമയ പരിധിക്കുള്ളിൽ 100 വീടുകൾ നൽകാൻ കഴിഞ്ഞു.

സേവ് എ ഫാമിലി എന്ന സ്ഥാപനം അതിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് നിർദ്ധനരും, ഭവനരഹിതരുമായ കുടുംബങ്ങളെ ജാതിമത ഭേദമന്യേ കണ്ടെത്തി ഇന്ത്യയിൽ 500 ഭവനങ്ങൾ നിർമ്മിച്ച് നൽകുന്നതിന് തുടക്കം കുറിച്ചിരിക്കുന്നു. ഇന്ത്യയിലെ മൂന്ന് രൂപതകളിൽ ആരംഭിച്ച ഈ പദ്ധതിയിൽ 150 ഭവനങ്ങളുടെ നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു. ആദ്യഘട്ടത്തിൽ 50 ഭവനങ്ങളുടെ നിർമ്മാണം സേവ് എ ഫാമിലി പ്ലാനിന്റെയും തിരുവനന്തപുരം അതിരൂപതയുടെയും, ഇടവകകളുടെയും ഗുണഭോക്താക്കളുടെയും കൂട്ടായ പ്രയത്നത്തിലൂടെ 50 വീടുകളുടെ താക്കോൽ ദാനകർമ്മം 2018 ഫെബ്രുവരി 14 ബുധനാഴ്ച വെള്ളയമ്പലം ലിറ്റിൽ ഫ്ളവർ ചർച്ച് ഹാളിൽ വച്ച് കേരള സംസ്ഥാന മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ ഉത്ഘാടനം നിർവഹിച്ചു. തദവസരത്തിൽ അതിരൂപതാ മെത്രാപ്പോലീത്ത അദ്ധ്യക്ഷ പ്രസംഗം നടത്തി. മുഖ്യപ്രഭാഷണം കേരള സംസ്ഥാന ഫിഷറീസ് വകുപ്പു മന്ത്രി ശ്രീമതി മേഴ്സ്കുട്ടിയമ്മ നിർവഹിച്ചു. സഹായ മെത്രാൻ റൈറ്റ്.റവ.ഡോ. ക്രിസ്തുദാസ് മുഖ്യസന്ദേശം നൽകി. വട്ടിയൂർക്കാവ് നിയോജക മൺഡലം എംഎൽഎ ശ്രീ.കെ മുരളീധരൻ, കോവളം നിയോജക മണ്ഡലം എം.എൽ.എ ശ്രീ.വിൻസെന്റ്, എസ്എഎഫ്പി സ്റ്റേറ്റ് ഇന്ത്യാ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. മാർഷൽ മേലാപ്പിള്ളി, ഹോളിക്രോസ് പ്രൊവൻഷ്യൽ സുപ്പീരിയർ സിസ്റ്റർ ഐലിൻ വെട്ടികുഴികുന്നേൽ എന്നിവർ ആശംസകൾ അർപ്പിച്ചു. അതിരൂപത വികാരി ജനറൽ മോൺ.യൂജിൻ എച്ച് പെരേര സമ്മേളനത്തിൽ സ്വാഗതവും റ്റിഎസ്എസ്എസ് ഡയറക്ടർ ഫാ.ലെനിൻ രാജ് കൃതജ്ഞതയും അർപ്പിച്ചു.

ഓഖി ദുരന്തത്തിൽ ഇരയായ എല്ലാവരേയും അടുത്ത 5 വർഷത്തേക്ക് അനുവാദനം ചെയ്ത്, ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനും സാദ്ധ്യമായ രീതികളിലെയും അവൻ ജീവിതത്തിലേക്ക് കൈപിരിച്ച് ഉയർത്തുവാനുമുള്ള ധാർമ്മിക ഉത്തരവാദിത്വം സമ്മേളനത്തിൽ വച്ച് തിരുവനന്തപുരം രൂപത ഏറ്റെടുത്തു. അതിന്റെ ഭാഗമായി, വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യം, വിവാഹസഹായം എന്നീ മേഖലയെ അടിസ്ഥാനപ്പെടുത്തിയുള്ള 5 പദ്ധ

തികൾ ഉത്ഘാടനം ചെയ്തു. പദ്ധതികളെക്കുറിച്ചുള്ള വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ദാരിദ്ര്യം അനുഭവിക്കുന്നവരുടെ ജീവിതങ്ങളിലേക്ക് ജാതിക്കും മതത്തിനും അതീതമായി ഇറങ്ങിചെയ്ത് അവരെ സ്വയം പര്യാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സേവ് എ ഫാമിലി മാതൃകയിൽ ഓഖി ദുരന്തത്തിൽപ്പെട്ട അർഹരായ കുടുംബങ്ങളെ അഞ്ച് വർഷത്തേക്ക് ദത്തെടുത്ത്, അവരെ സ്വയം പര്യാപ്തയിലേക്ക് നയിച്ച് ജീവിത സാഹചര്യം മെച്ചപ്പെടുത്തുവാൻ സഹായിക്കുന്നു.

2. ദുരന്തം അതിജീവിച്ചെങ്കിലും തുടർ ചികിത്സ ആവശ്യമായവർക്കും അംഗവൈകല്യമോ, സാരമായ പരുക്കേറ്റവർക്കും അടുത്ത രണ്ട് വർഷത്തേക്ക് ജൂബിലി ആശുപത്രിയിൽ സൗജന്യമായി ചികിത്സ നൽകുന്നതാണ്. അതിരൂപതയിലും, ഫെറോനതലത്തിലും സൈക്കോ സ്പിരിച്വൽ സെന്ററുകൾ ആരംഭിച്ച് ഓഖി ദുരന്തത്തിൽ അകപ്പെട്ട കുടുംബങ്ങളുടെ മാനസിക ആരോഗ്യം നിലനിർത്തുന്നതാണ്. കൂടാതെ, മേൽപറഞ്ഞവർക്കെല്ലാം ആരോഗ്യ ഇൻഷുറൻസും നൽകുന്നു.

3. ഓഖി ദുരന്തത്തിൽപ്പെട്ട കുടുംബങ്ങളിലെ സാമ്പത്തിക ഭദ്രത ഇല്ലാത്ത പെൺകുട്ടികൾക്കും ദുരന്ത സമാനമായ സാഹചര്യങ്ങളിൽ കഴിയുന്ന മത്സ്യതൊഴിലാളികളുടെ പെൺകുട്ടികൾക്കും സാന്ത്വന മംഗല്യം പദ്ധതിയിൽ ഉൾപ്പെടുത്തി, വിവാഹ ജീവിതത്തിൽ പ്രവേശിക്കാൻ മൂന്ന് ലക്ഷം രൂപ സാമ്പത്തിക സഹായം നൽകുന്നു.

4. ഓഖി ദുരന്തത്തിൽപ്പെട്ട കുടുംബങ്ങളിലെ ഭവനം ഇല്ലാത്തവർക്കും, ദുരന്ത സമാനമായ സാഹചര്യങ്ങളിൽ കഴിയുന്ന മത്സ്യതൊഴിലാളികൾക്കും, വീടുകൾ നിർമ്മിച്ചു നൽകുന്നതിന്റെ ഭാഗമായി അതിരൂപതതന്നെ വീടു നിർമ്മിക്കുവാനുള്ള സ്ഥലം കണ്ടെത്തി ടൗൺഷിപ്പ് മാതൃകയിൽ വീടുകൾ നിർമ്മിച്ചു നൽകുന്നതാണ്.



ഈ പദ്ധതികളെല്ലാം പ്രസ്തുത സമ്മേളനത്തിൽ വച്ച് ഉത്ഘാടനം ചെയ്യപ്പെട്ടപ്പോൾ പത്ത് മത്സ്യതൊഴിലാളികളുടെ പെൺകുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുകയും ആരോഗ്യ ഇൻഷുറൻസ് കാർഡുകൾ വിതരണം ചെയ്യുകയുണ്ടായി.

ഭൂരഹിതർക്കും സ്വന്തമായി സ്ഥലമുള്ള ഭവനരഹിതർക്കും വീടുകൾ വച്ച് കൊടുക്കുന്നതിന് ഇനിയും ബഹുദൂരം മുന്നോട്ട് പോകേണ്ടതായിട്ടുണ്ട്. പ്രതീക്ഷിച്ചതിലും കവിഞ്ഞ സഹകരണം സാധാരണക്കാരിൽ നിന്നുപോലും ലഭിക്കുന്നുണ്ടെങ്കിലും ഇനിയും ഏകദേശം 5900 ഓളം ഭവനരഹിതർക്ക് സുമനസ്സുകളുടെയും സംഘടനകളുടെയും സർക്കാർ, സർക്കാർ ഇതരസ്ഥാപനങ്ങളുടെയും സഹായ സഹകരണം ആവശ്യമുണ്ട്. ആയത് ലഭിക്കുമെന്ന ശുഭ പ്രതീക്ഷയോടെയാണ് സംരംഭം മുന്നോട്ടു പോകുന്നത്.

## പേട്ട ഫെറോന

### നീതി സമാധാനം വികസന കമ്മീഷൻ

കാര്യശേഷി വികസന വിഭാഗം: മാർച്ച് 4 ന് ഫെറോന എക്സിക്യൂട്ടീവ് യോഗം നടന്നു. 8 അംഗങ്ങൾ പങ്കെടുത്തു. മാർച്ച് 4 ന് ചൈൽഡ് പാർലമെന്റ് വോളന്റിയർമാരുടെ പ്രതിമാസ യോഗം കൂടി പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർപ്രവർത്തനങ്ങൾ പ്ലാൻ ചെയ്യുകയും ചെയ്തു. 5 അംഗങ്ങൾ പങ്കെടുത്തു.

**അടിസ്ഥാന സൗകര്യങ്ങളുടെ വികസനം:** ഫെറോനയിൽ എസ്എഫ്പി യുടെ ധനസഹായത്തോടെ ചെയ്തുവരുന്ന ഭവന നിർമ്മാണം ഫെറോനയിൽ പോങ്ങുംമൂട്, കുന്നിൻപുറം, മുട്ടട എന്നീ ഇടവകയിലെ 3 ഗുണഭോക്താക്കൾക്കും രൂപതയിൽ സംഘടിപ്പിച്ച താക്കോൽ ദാന ചടങ്ങിൽ വച്ച് താക്കോൽ ലഭ്യമായി.

**സ്വയം സഹായ സംഘങ്ങളും സാമ്പത്തിക ഉന്നമനവും എസ്എച്ച്ജി ഫെറോന ഫെഡറേഷൻ യോഗം:** മാർച്ച് 16 ന് ഫെറോന തല എസ്എച്ച്ജി ഫെഡറേഷൻ യോഗം കൂടി പ്രവർത്തനങ്ങൾ വിലയിരുത്തി. ഫെറോന ഫണ്ടിൽ നിന്നും നൽകിയ ലോൺ തിരിച്ചടവ് ഉറപ്പുവരുത്തുകയും, കാരാളി കൃപാസന എസ്എച്ച്ജി ക്ക് 15,000 രൂപ പുതിയ ലോൺ അനുവദിക്കുകയും ചെയ്തു.

**ഫെറോനതല എസ്എച്ച്ജി വനിതാദിനാഘോഷം**: മാർച്ച് 16 ന് ഫെറോന ആനിമേറ്ററിന്റെ നേതൃത്വത്തിൽ എസ്എച്ച്ജി അംഗങ്ങളുടെ ഫെറോനതല വനിതാദിനാഘോഷം നടത്തി. വിവിധകളികൾ സംഘടിപ്പിച്ചു. വിജയികൾക്ക് സമ്മാനം നൽകി. ജീവിത പ്രതിസന്ധികളെ സമചിത്തതയോടെ നേരിടുകയും ജീവിത പുരോഗതി കൈവരിക്കുകയും ചെയ്ത എസ്എച്ച്ജി ലെ 2 വനിതകളെ മെമെന്റോ നൽകി ആദരിച്ചു. 31 അംഗങ്ങൾ പ്രസ്തുത പ്രോഗ്രാമിൽ പങ്കെടുത്തു.

**കുടുംബക്ഷേമ പ്രവർത്തനം**: ഫെറോനയിൽ 26 കുടുംബങ്ങൾ ഗുണഭോക്താക്കളായി തുടരുന്നു. ആനിമേറ്റർ പ്രസ്തുത കുടുംബങ്ങളുടെ ഭവനങ്ങൾ സന്ദർശിച്ച് കുടുംബപുരോഗതിയും സ്വയം തൊഴിൽ സംരംഭങ്ങളുടെ വിസയിരുത്തലും നടത്തി. കുടുംബങ്ങളുടെ സ്വയം തൊഴിൽ പരിപോഷിപ്പിക്കുന്നതിനായി 19 കുടുംബങ്ങൾക്ക് 1,90,000/- രൂപ പ്രസ്തുത പദ്ധതി പ്രകാരം ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിച്ചു.

### ഇതരതൊഴിലാളിക്ഷേമവും കാർഷികമേഖലയും

കെഎൽഎം ഫെറോനയോഗം: മാർച്ച് 23 ഫെറോന യോഗം നടന്നു. പ്രവർത്തനങ്ങൾ വിലയിരുത്തി. തുടർപ്രവർത്തനങ്ങൾ പ്ലാൻ ചെയ്തു.

**കെ.എൽ.എം ഫോറം രൂപീകരണം**: ഫെബ്രുവരി 25 ന് മുട്ടട ഇടവകയിൽ പുതിയ കെഎൽഎം ഫോറം ഫെറോന ആനിമേറ്ററിന്റെ നേതൃത്വത്തിൽ രൂപീകരിച്ചു. പ്രസ്തുത ഫോറം രൂപീകരണത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ, വിവിധ ക്ഷേമനിധി ആനുകൂല്യങ്ങൾ എന്നിവരുടെ അവബോധം ഫെറോന ആനിമേറ്റർ നൽകി. 9 ഭാരവാഹികളെ തെരഞ്ഞെടുത്തു. സെന്റ് ജോസഫ്സ് കെ.എൽ.എം എന്ന പേരിൽ റ്റിഎസ്എസ്എസ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ ഫോറം രൂപീകരിച്ചു. 17 അംഗങ്ങൾ പങ്കെടുത്തു.



### ആരോഗ്യകാര്യകമ്മീഷൻ

### ക്യാൻസർ രോഗ പരിശോധന ക്യാമ്പ്

മാർച്ച് 18 കാര്യവട്ടം ക്രിസ്തുരാജ ദൈവാലയത്തിൽ വച്ച് റ്റിഎസ്എസ്എസ് ന്റെ നേതൃത്വത്തിൽ രൂപതാ റ്റിഎസ്എസ്എസ് ന്റെ സഹായത്തോടെ ആർസിസിയിലെ ടീം അംഗങ്ങൾ ക്യാൻസർ രോഗ പരിശോധന ക്യാമ്പ് നടത്തി. 71 അംഗങ്ങൾ പങ്കെടുത്ത ക്യാമ്പിൽ 11 സ്ത്രീകളെ ആർസിസിയിലേക്ക് റെഫർ ചെയ്ത മാമോഗ്രാം ടെസ്റ്റിനും 23 അംഗങ്ങളുടെ പാസ്മിയർ ടെസ്റ്റും നടത്തി. ഇടവക വികാരി റവ.ഫാ.എൽക്കിൻ ജോസഫിന്റെയും റ്റിഎസ്എസ്എസ് സെക്രട്ടറിമാരുടെയും സജീവ സാന്നിധ്യവും ഉണ്ടായിരുന്നു.

### സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള പ്രവർത്തനം

കുട്ടികളുടെ ചൈൽഡ് പാർലമെന്റ് യോഗങ്ങൾ ഇടവകതലത്തിൽ നടന്നു. മാലിന്യസംസ്ക്കരണം, മനുഷ്യക്കടത്ത്, വ്യക്തിത്വവികസനം തുടങ്ങിയ വിഷയങ്ങളും കുട്ടികൾക്ക് ബോധവത്ക്കരണം നൽകി.

### പ്രവാസികാര്യ കമ്മീഷൻ

മാർച്ച് 17 ന് പേട്ട സെന്റ് ആൻസ് ദൈവാലയത്തിൽ വച്ച് നോർക്ക വെൽഫയർ ബോർഡ് ഓഫീസർ ശ്രീമാൻ അജിത് നോർക്കാ വെൽഫയർ സ്ക്കീമിന്റെ അവബോധം നൽകി. തുടർന്ന് രൂപത കോർഡിനേറ്റർ റവ.സി.ജനസ്റ്റസ് നോർക്കാ റൂട്ട്സ് ആനുകൂല്യങ്ങൾ ഇൻഷ്വറൻസ് ഐഡി കാർഡ് എന്നിവയുടെയും അവബോധം നൽകി. ഇടവകവികാരി ഫാ. പങ്ക്രേഷ്യസ്, ഫെറോന ആനിമേറ്റർ, റ്റിഎസ്എസ്എസ് സെക്രട്ടറി എന്നിവരുടെ സജീവ സാന്നിദ്ധ്യം ഉണ്ടായിരുന്നു. ക്ഷേമനിധി, ഐഡികാർഡ് എന്നിവയുടെ 9 ഫോം വിതരണം ചെയ്തു. 13 അംഗങ്ങൾ പ്രസ്തുത ക്ലാസ്സിൽ പങ്കെടുത്തു.

**ഫാ. ക്രിസ്റ്റഫർ കെ.എൽ**
കോഓഡിനേറ്റർ

**ബിയാട്രിസ് ഗേർട്ടി**
ആനിമേറ്റർ

## പുല്ലുവിള ഫെറോന

രണ്ടാം ശനിയാഴ്ചകളിൽ നിശ്ചിത ഇടവകകളിൽ വച്ച് ഫെറോന കോർഡിനേറ്ററുടെ അദ്ധ്യക്ഷതയിൽ സാമൂഹ്യ ശുശ്രൂഷാ സമിതി ഫെറോനായോഗം കൂടി വരുന്നു. ഇതിൽ വിവിധ ഉപസ മിതികളെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്ത് നടപ്പിലാക്കുനുള്ള തീരുമാനങ്ങൾ കൈക്കൊള്ളു ന്നു.

**അദ്ധ്യാപകർക്കായുള്ള പരിശീലനം**

ഫെബ്രുവരി 13 ന് സപ്ലിമെന്ററി, നേഴ്സറി, ക്വാളിറ്റി എഡ്യൂ ക്കേഷൻ, ചൈൽഡ് പാർലമെന്റ് എന്നീ സെന്ററുകളിൽ പ്രവർത്തി ക്കുന്ന 30 അദ്ധ്യാപകർക്കായി പള്ളം ഇടവകയിൽ വച്ച് മോട്ടിവേ ഷൻ, സ്വാസ്ഥ്യ കേരളം (നല്ല ജീവിതം, നല്ല ഭക്ഷണം, നല്ല ആരോ ഗ്യം) എന്നീ വിഷയങ്ങളെ കുറിച്ച് മി. ഷൈജു അലക്സ്, ശാന്തിഗ്രാം ഡയറക്ടർ മി.പങ്കജാക്ഷൻ എന്നിവർ പരിശീലനം നൽകി.

**ഫെറോന മോക്ക് പാർലമെന്റ്**

ഫെബ്രുവരി 13 ന് പള്ളം ഇടവകയിൽ വച്ച് ശ്രീമതി. ലീജാ സ്റ്റീഫന്റെ സാന്നിദ്ധ്യത്തിൽ നടന്ന മോക്ക് പാർലമെന്റിൽ ഓരോ ഇടവകയിലേയും ചൈൽഡ് പാർലമെന്റിലെ കുട്ടികൾ പ്ലാസ്റ്റിക്ക് കൊണ്ടുള്ള വസ്തുക്കൾ ഉപയോഗിക്കില്ലായെന്ന് ആരോഗ്യവകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ തീരുമാനമെടുത്തു. ലൂർദ്ദുപുരം നമ്പ്യാ തിയിലെ മിനിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ പ്ലാസ്റ്റിക് കവറുകളും വസ്തുക്കളും ശേഖരിച്ച് ആക്രി ഡീലേഴ്സിന് നൽകാൻ തീരുമാ നിച്ചു.

**എസ്.എ.എഫ്.പി ഭവനം താക്കോൽദാനം**: ഫെബ്രുവരി 14 ന് രൂപതയിൽ വച്ച് നടന്ന താക്കോൽദാന ചടങ്ങുകളിൽ ഫെറോന യിലെ 13 ഗുണഭോക്താക്കളുടെയും ഭവനത്തിന്റെ താക്കോൽ ദാനം ബഹു.മുഖ്യമന്ത്രി വിതരണം ചെയ്തു.

ഫെറോനയിലെ വിവിധ ഇടവകകളിലായി 56 ടോയ്‌ലറ്റ് നിർമ്മാണം നടന്നു വരുന്നു.



**എസ്എച്ച്ജി പ്രവർത്തനങ്ങൾ:** പള്ളം ഇടവകയിൽ സൂര്യ എന്ന പേരിൽ പുതിയ എസ്എച്ച്ജി രൂപീകരിച്ചു. നിക്ഷേപത്തിൽ നിന്നും വിവിധ ഇടവകകളിലെ 60 എസ്എച്ച്ജികൾക്കായി 21,99,000/- രൂപ നിക്ഷേപ ലോൺ നൽകി. പരുത്തിയൂർ ഇടവകയിൽ ഫെഡറേഷ നിൽ എസ്എച്ച്ജികൾ ക്രെസിറ്റ് ആരംഭിച്ചു.

**മത്സ്യവിപണന സ്ത്രീ ഫോറം**

ഫോറത്തിലെ 13 മത്സ്യവിപണന സ്ത്രീകൾക്കായി ഫെറോന സംഘം ഫണ്ടിൽനിന്നും 2,00,000 രൂപ സംഘവായ്പ നൽകി.

**മത്സ്യത്തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങൾ**: പരുത്തിയൂർ, കൊച്ചു തുറ, പള്ളം എന്നീ ഇടവകകളിൽ നിന്നും 644 മത്സ്യത്തൊഴിലാളി കൾ ഫോറത്തിൽ പുതിയ അംഗത്വവും ക്ഷേമ പദ്ധതി അംഗത്വവും സ്വീകരിച്ചു. പള്ളം ഫിഷറീസ് ഓഫീസിൽ നിന്നും അർഹരായ മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമനിധി അംഗത്വം നിഷേധിക്കപ്പെ ട്ടതിൽ പ്രതിഷേധിച്ചുകൊണ്ടുള്ള നടപടി സ്വീകരിക്കുന്നതിനായി പുല്ലുവിള ഇടവകയിലെ ബിസിസി4കളിൽ നിന്നും യഥാർത്ഥ മത്സ്യ ത്തൊഴിലാളികളിൽ അംഗത്വമില്ലാത്തവരുടെ ലിസ്റ്റ് ശേഖരിച്ചു.

**ഓഖി ദുരന്തബാധിതർക്കായുള്ള പ്രവർത്തനങ്ങൾ**: ഓഖി ദുര ന്തത്തിൽപ്പെട്ട ഫെറോനയിലെ 52 കുടുംബങ്ങളുടെയും ഭവനം സന്ദർശിച്ച് വീടില്ലാത്തവരുടെ ലിസ്റ്റ് തയ്യാറാക്കി. മെഡിക്കൽ കോളേജ്, ജനറൽ ഹോസ്പിറ്റൽ, ഫോർട്ട് ഹോസ്പിറ്റൽ എന്നീ ആശുപത്രികളിൽ ചികിത്സ നേടിയ 28 അംഗങ്ങളുടെ വിവരണം ശേഖരിച്ചു. രൂപതയിൽ നൽകിയതിൽ 28 അംഗങ്ങൾക്കും രൂപത യിൽ നിന്നും 10,000/- രൂപ വീതം അവരവരുടെ ബാങ്ക് അക്കൗണ്ടിൽ വന്നതായി ഉറപ്പുവരുത്തി. ഓഖി രൂപതാ സെല്ലിന്റെ ആവശ്യപ്ര കാരം ഭവനമില്ലാത്തവർ, മക്കളുടെ വിദ്യാഭ്യാസം, നഷ്ടപ്പെട്ട യാന ങ്ങളുടെ വിശദവിവരം, ബാങ്ക് ലോൺ, ഗവ.തസ്തികയിലെ ജോലി ക്കായുള്ള സമ്മതപത്രം എന്നിവയുടെ വിവരങ്ങൾ 52 കുടുംബങ്ങ ളുടെയും ശേഖരിച്ചു. ഇടവകവികാരി, ഫെറോനവികാരി എന്നിവ രുടെ അറിവോടെ രൂപതയ്ക്ക് നൽകി. കൂടാതെ, 52 കുടുംബങ്ങ ളെയും രൂപതയുടെ ദത്ത് കുടുംബങ്ങളുടെ പദ്ധതിയിൽ അംഗങ്ങ ളാക്കാനുള്ള നടപടിയിൽ സഹായിച്ച് എല്ലാ കുടുംബങ്ങൾക്കും

രൂപതയിൽ നിന്നും 30,000/- രൂപ അതാത് അക്കൗണ്ടിൽ നിക്ഷേപിച്ചതായി ഉറപ്പുവരുത്തി. ബന്ധപ്പെട്ടവർക്ക് പണം പിൻവലിക്കാനുള്ള ചെക്ക് അതാത് ഇടവക വൈദീകർ വിതരണം ചെയ്തു. ഓഖിയിൽപ്പെട്ടവരുടെ അംഗവൈകല്യം സംഭവിച്ചവരുടെ ലിസ്റ്റും, മറ്റ് ആശുപത്രി ചികിത്സ നേടിയവരുടെയും ലിസ്റ്റ് രൂപതയ്ക്ക് നൽകി. കൂടാതെ ഓഖി ദുരന്തത്തിൽപ്പെട്ടവർക്ക് ജൂബിലി ആശുപത്രിയുടെ ആരോഗ്യ ഇൻഷുറൻസിനാവശ്യമുള്ള ഫോട്ടോകൾ ശേഖരിച്ചു വരുന്നു.

**ജൂബിലി മൊമ്മോറിയൽ ക്ലീനിക്**

ഫെബ്രുവരി മാസത്തിൽ ഫെറോനയിലെ 7 തീരപ്രദേശങ്ങളിൽ നിന്നും 1025 രോഗികൾ പരിശോധനയ്ക്ക് വിധേയരായതിൽ 493 പേർ പുതിയ രോഗികളും 13 പേർക്ക് ഇസിജി എടുത്തു.

**എൽഎഫ് കുട്ടികളുടെ രക്ഷിതാക്കൾക്കായുള്ള പരിശീലനം**: 27-ാം തിയതി പൂവാർ ശാലോം ഹാളിൽ വച്ച് അവരുടെ രക്ഷിതാക്കൾക്കായി ജെൽ കൊണ്ടുള്ള മെഴുകുതിരി നിർമ്മാണം, ടോയ്‌ലറ്ററീസ് ഉല്പ്പന്നങ്ങളുടെ നിർമ്മാണപരിശീലനം ശ്രീമതി രാജാമണി രാജു നൽകി. പരിശീലനം പൂവാർ ഇടവകവികാരി ഫാ.നെപ്പോളിയൻ ഗോമസ് ഉത്ഘാടനം ചെയ്യുകയും ചെയ്തു.

**ജാഗ്രതാസമിതി പരിശീലനവും രൂപീകരണവും**: പുല്ലുവിള ഇടവകയിൽ സാമൂഹ്യശുശ്രൂഷാസമിതി ജനറൽബോഡിയിലെ അംഗങ്ങൾക്ക് പരിശീലനം നൽകി, താൽപര്യവും കഴിവുമുള്ള 11 അംഗ സമിതിയെ തെരഞ്ഞെടുത്തുകൊണ്ട് സ്ത്രീകൾക്കും കുട്ടികൾക്കുമിടയിലെ അതിക്രമങ്ങൾ കുറയ്ക്കുകയെന്ന ലക്ഷ്യത്തോടുകൂടി ജാഗ്രതാ സമിതി രൂപീകരിച്ചു.

**വനിതാ ദിനാഘോഷം:** മാർച്ച് 10 ന് പരുത്തിയൂർ ഇടവകയിലെ എസ്എച്ച്ജി ഫിഷ് വെന്റിങ് എന്നീ ഫോറങ്ങളുടെ സംയുക്ത വാർഷികവും വനിതാ ദിനാഘോഷവും നടത്തി. ദിവ്യബലി, ഘോഷയാത്ര, സമ്മേളനം എന്നീ പരിപാടികളുണ്ടായിരുന്നു യോഗം. കുളത്തൂർ പഞ്ചായത്ത് പ്രസിഡന്റ് ഉത്ഘാടനം ചെയ്തു. 10 മത്സ്യകച്ചവട സ്ത്രീകൾക്ക് ലോൺ വിതരണവും, 70 വയസുകഴിഞ്ഞിട്ടും മത്സ്യവിപണനത്തിന് പോകുന്ന 17 അമ്മമാരെ ഗിഫ്റ്റ് നൽകി ആദരിച്ചു, കലാ-കായിക മത്സരത്തിലെ വിജയികൾക്ക് സമ്മാനം നൽകി.



**ബോധവൽക്കരണ ക്ലാസ്**: 20/2/18 ൽ അടിമലത്തുറയിലെ 85 അംഗങ്ങൾക്ക് പ്രവാസികളുടെ അംഗത്വം, ക്ഷേമ പദ്ധതികൾ എന്നീ വിഷയങ്ങളെക്കുറിച്ച് സി.ജെനസ്റ്റസ് ക്ലാസ് നൽകി.

ഫെബ്രുവരി 2 ന് അടിമലത്തുറയിലെ 105 അംഗങ്ങൾക്കായി ലഹരി വസ്തുക്കളുടെ ഉപയോഗത്തിലെ ദൂശ്യവശങ്ങളെക്കുറിച്ച് സി.ജെനസ്റ്റസ് ക്ലാസ് നൽകി.

**ഫാ. തോമസ് ആർ** — **രാജമണി രാജു**
കോഓഡിനേറ്റർ — ആനിമേറ്റർ

**~~തൂത്തൂർ ഫെറോന~~**

**നീതി സമാധാന വികസന കമ്മീഷൻ**

**ഫെറോന ജനറൽ ബോഡി യോഗം**: ഫെബ്രുവരി 17 ന് നടന്നു. ഇടവകതലത്തിൽ പദ്ധതി-ബജറ്റ് തയ്യാറാക്കേണ്ട രീതിയെക്കുറിച്ച് ഫാ. മാൾബിൻ വിശദീകരിച്ചു. ഇടവകതലത്തിൽ ഗ്രൂപ്പായി തിരിച്ച് ചർച്ച ചെയ്തു.

**ഫെറോന എക്സിക്യൂട്ടീവ് യോഗം**: ഫെബ്രുവരി 17 ന് ഗ്രാത്തൂർ ഫെറോന ഓഫീസിൽ വച്ച് ഫെറോന കോ-ഓർഡിനേറ്റർ ഫാ. മാൾബിന്റെ അധ്യക്ഷതയിൽ നടന്നു. ഇടവകതലത്തിൽ പദ്ധതിയും ബജറ്റും തയ്യാറാക്കേണ്ട രീതിയെക്കുറിച്ച് വിശദീകരിച്ചു. ഓരോ യൂണിറ്റും നേതൃത്വമെടുത്ത് ശക്തിപ്പെടുത്തേണ്ട ഫോറങ്ങൾ ഏതൊക്കെയാണെന്ന് ഓരോ ഇടവകയും വ്യക്തത നൽകി.

**ഇടവകതല യോഗങ്ങൾ**: 8 ൽ 8 ഉം നടന്നു. എല്ലാ ഇടവകയിലും പ്ലാനും ബജറ്റും തയ്യാറാക്കി.

**നീരോടി:** 7-ാം തിയതി മുതൽ 14-ാം തിയതി വരെ നാഗർകോവിലെ സെന്റ് സേവ്യഴ്സ് കോളേജിൽ നിന്നുള്ള 120 കുട്ടികൾ റ്റിഎസ്എസ്എസ് അംഗങ്ങൾ, ഇടവക അംഗങ്ങൾ എന്നിവർ ചേർന്ന് നടത്തിയ ശുചീകരണങ്ങൾ ക്യാമ്പ്, അവയർനസ് സ്കിറ്റ് നടന്നതിന്റെ വിലയിരുത്തി.

**മാർത്താണ്ടൻതുറ:** കിഡ്നി രോഗങ്ങൾക്ക് വേണ്ട ധനസഹായം 3 യൂണിറ്റുകളിൽ നിന്ന് ശേഖരിച്ച തുക 10,850 രൂപ മാർച്ച് മാസം ലോക കിഡ്നി ദിനത്തോടനുബന്ധിച്ച് നൽകാൻ തീരുമാനിച്ചു.

**വള്ളവിള**: വിൻസന്റ് ഡി പോളുമായി സഹകരിച്ച് 10 വീടുകൾക്ക് ബോറിങ്ങ് + സിന്റെക്സ് പൈപ്പ് ചെയ്തു നൽകാൻ തീരുമാനിച്ചു. കാരിത്താസിൽ 20 ഫാമിലിയെ കൂടെ ഉൾപ്പെടുത്താൻ തീരുമാനിച്ചു.

**ചിന്നത്തുറ**: കാൻസർ രോഗികൾക്കായി 102510/- രൂപ കുടുംബ യൂണിറ്റ് വഴി കളക്ട് ചെയ്തു. മാർച്ച് മാസം 17 രോഗികൾക്ക് 5,000 രൂപ വീതം നൽകാൻ തീരുമാനിച്ചു.

**തൂത്തൂർ:** തൂത്തൂർ ഇടവകയിൽ ഒരു റേഷൻ കാർഡ് പുതിയതായി എടുത്തുകൊടുത്തു.

**പൂത്തുറ**: പൂത്തുറ ഇടവകയിൽ പാൻമസാല വിൽക്കുന്നത് നിറുത്താൻ തീരുമാനിച്ചു. അതിന്റെ ഭാഗമായി 25-ാം തിയതി നടപടി ആരംഭിച്ചു.

**ഇരയിമ്മൻതുറ**: ഗവൺമെന്റ് തലത്തിൽ ഉപരിപഠനത്തിന് ലോണിനുള്ള അപേക്ഷ, പെൻഷനുള്ള അപേക്ഷ, സ്മാർട്ട് കാർഡിനുള്ള അപേക്ഷ, കളക്ടറാഫീസിൽ നൽകാൻ തീരുമാനിച്ചു ആയത് നൽകി. പൈപ്പ് ലൈൻ പൊട്ടിക്കിടന്നത് പഞ്ചായത്തിൽ അറിയിച്ചു അതിന്റെ ഭാഗമായി പഞ്ചായത്ത് തുടർ നടപടി സ്വീകരിച്ചു.

**സ്റ്റാഫ് മീറ്റിംഗ്**: 20-2-2018 ൽ ഫാ. മാൾബിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ മുൻ യോഗ റിപ്പോർട്ടുകൾ വിലയിരുത്തി തുടർന്ന് തൻമാസ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു.

**അടിസ്ഥാന സൗകര്യങ്ങൾ**

**ഭവന താക്കോൽദാനം**

റ്റിഎസ്എസ്എസ്സിന്റെ സഹായത്തോടെ ഭവനം ഒരു സമ്മാന പദ്ധതി വഴിയായി നിർമ്മിച്ച 4 ഭവനങ്ങളുടെ താക്കോൽദാനം 15-ാം തിയതി വെള്ളയമ്പലം ലിറ്റിൽ ഫ്ളവർ ഹാളിൽ വച്ച് നടത്തുകയുണ്ടായി.

**റേഷൻ കാർഡ്:** ഇരയിമ്മൻതുറ മുതൽ ഇരയിമ്മൻത്തുറ വരെ 8,9 തിയതികളിൽ സ്മാർട്ട് കാർഡ് എൻപിഎച്ച്എച്ചിൽ നിന്നും പിഎച്ച്എച്ച് ആക്കുന്നതിന് 86 പേർക്ക് എംഎൽഎ വഴി അപേക്ഷ കൊടുത്തു. 52 പേർക്ക് പെൻഷനുള്ള അപേക്ഷ നൽകി.



**സ്വയം സഹായ സംഘങ്ങളും സാമ്പത്തിക ഉന്നമനവും**: 23 സംഘങ്ങൾ 4 ഇടവകകളിലായി പ്രവർത്തിക്കുന്നു. ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നടന്ന ഫെറോന യോഗങ്ങൾ ഉണർവ് പഠന പത്രിക അവബോധം നൽകുകയും ഇടവകതല റിപ്പോർട്ടുകൾ അവതരിപ്പിച്ച് വിലയിരുത്തലുകൾ നടത്തുകയും ചെയ്തു. തൻമാസപ്രവർത്തനങ്ങൾ അറിയിപ്പു നൽകി.

എസ്എച്ച്ജി ഇടവകതല ഫെഡറേഷൻ യോഗങ്ങൾ പ്രതിമാസം നടന്നുവരുന്നു. എസ്എച്ചിജി നിക്ഷേപ ലോണുകൾ ഒരു വ്യക്തിക്ക് 2,00,000/- വരെ നൽകി വരുന്നു. അരിക്കച്ചവടം, കുട നിർമ്മാണം, മെഴുകുതിരി നിർമ്മാണം, പാൽകച്ചവടം തുടങ്ങിയ സ്വയം തൊഴിലുകൾ എസ്എച്ച്ജി വഴിയായി നടക്കുന്നു. സെന്റ് ആന്റണീസ് എന്ന പേരിൽ ഒരു എസ്എച്ച്ജി വള്ളവിളയിൽ രൂപീകരിച്ചു.

**ലോൺ വിതരണം:** 28-ാം തിയതി സെന്റ് ആന്റെണീസ് എസ് എച്ച്ജി ക്ക് ഫെറോന ഫണ്ടിൽ നിന്ന് 70,000 രൂപ ലോൺ നൽകി.

**തൊഴിൽകാര്യകമ്മീഷൻ**

**മത്സ്യക്കച്ചവട സ്ത്രീഫോറം പ്രവർത്തനങ്ങൾ**

**ഫെറോന യോഗം**: 11-ാം തീയതി ശ്രീമതി സെൽവമേരിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പ്ലാൻ ബഡ്ജറ്റ് നെക്കുറിച്ചുള്ള ചർച്ചയും ഈ വർഷം എല്ലാവരും യൂണിഫോം, തൊഴിൽ ഉപകരണങ്ങൾ, നവീകരണ ധ്യാനം, മെഡിക്കൽ ക്യാമ്പ് എന്നീ കാര്യങ്ങൾ ഉൾപ്പെടുത്തുവാനും തീരുമാനിച്ചു. ഓഖി ചുഴലിക്കാറ്റിൽ പൂത്തുറയിൽ 2 അംഗങ്ങൾക്കും മാർത്താണ്ടൻത്തുറയിൽ ഒരംഗത്തിനും വീടുകൾ ഭാഗികമായി നഷ്ടമായതായി അറിയാൻ കഴിഞ്ഞു

ഇടവകതലയോഗങ്ങൾ: 8 ൽ 7 ഉം നടന്നു. വള്ളവിള നടന്ന ഈ ഇടവകകളിൽ നടന്ന യോഗത്തിൽ തൊഴിൽ വായ്പയെക്കുറിച്ച് അറിയിക്കുകയും തൊഴിൽ സ്ഥലത്തെ, യാത്രാവേളയിലെ, ലേലസ്ഥ

ലത്തെ കാര്യങ്ങൾ ചർച്ച ചെയ്യുകയും ക്യാൻസർ രോഗത്തെക്കുറിച്ചുള്ള അവബോധം നൽകുകയും ചെയ്തു.

**വായ്പ ശേഖരണം:**

ഇരയിമ്മൻത്തുറ - 30,850, നീരോടി - 41,500, മാർത്താണ്ടൻതുറൈ - 84,370, വള്ളവിള - 68,650, ഇ.പി.തുറ - 36,800

ആകെ - 2,62,170

**എസ്എഫ്‌പി**

**കുടുംബക്ഷേമ പ്രവർത്തനങ്ങൾ**

**ആനിമേറ്ററി വിസിറ്റ്**: നീരോടി 11/12 തൂത്തൂർ 9/11 എന്നീ ക്രമത്തിൽ 20 ഭവനങ്ങൾ എസ്എഫ്‌പി ആനിമേറ്റർ സന്ദർശിച്ചു; ഹാന്റ് ബുക്ക് അപ്ഡേഷൻ ചെയ്തു.

ഫണ്ട് യൂട്ടിലൈസേഷൻ

1, 17,000 രൂപ 11 അംഗങ്ങൾ പിൻവലിച്ചു

സ്പെഷ്യൽ ഗിഫ്റ്റ് - 4 പേർക്ക് 17,415/- രൂപ സ്പെഷ്യൽ ഗിഫ്റ്റ് ആയി ലഭിച്ചു.

സക്സസ്ഫുൾ ഐജിപി കോഴി വളർത്തൽ, ടെയിലറിംഗ്, ക്ലോത്ത് ബിസിനസ്, പെട്ടി ഷോപ്പ്, കയർ സ്പിന്നിങ്ങ് എന്നീ ഐജിപികൾ ചെയ്തു വരുന്നു.

**ആരോഗ്യകാര്യ കമ്മീഷൻ**

**ജൂബിലി ജനറൽ ക്യാമ്പ് ഇനാഗുറേഷൻ**: 8-ാം തീയതി ഇ.പി. തുറ കമ്മ്യൂണിറ്റ് ഹാളിൽ വച്ച് റ്റിഎസ്എസ്എസ് ഡയറക്ടർ ഫാ. ലെനിൻ രാജ് ഉത്ഘാടനം ചെയ്തു. ഫെറോന വികാർ ഫാ. ആൻഡ്രൂസ് കോസ്മോസ് അദ്ധ്യക്ഷത വഹിച്ചു. എൽഎഫ് കുട്ടിയായ സജിൻ ആന്റണി തന്റെ സക്സസ് സ്റ്റോറി പങ്കുവച്ചു. തുടർന്ന് ക്യാമ്പ് നടത്തുകയും അതിൽ 68 അഗങ്ങൾ പങ്കെടുക്കുകയും ചെയ്തു. 3 പേരെ തുടർ ചികിത്സയ്ക്ക് നിർദ്ദേശിച്ചു.



**എൽഎഫ് ഹൗസ് വിസിറ്റ്**: 26-ാം തിയതി തൂത്തൂർ, നീരോടി, ഇ. പി.തുറ എന്നീ ഇടവകകളിൽ 4 ഭവനങ്ങൾ വിസിറ്റ് ചെയ്തു അവരുടെ സുഖവിവരങ്ങൾ അന്വേഷിക്കുകയും ആനുകൂല്യത്തിനുള്ള ബില്ലുകൾ അവരുടെ കൈയിൽ നിന്ന് ശേഖരിക്കുകയും ചെയ്തു.

**ഓഖി ദുരന്ത പ്രവർത്തനങ്ങൾ**: നീരോടി മുതൽ ഇരയിമ്മൻതുറ വരെയുള്ള 8 തീരദേശത്തിലും ഓഖി ദുരന്തത്തിൽ ആക്സിഡന്റ് ആയവരുടെ 121 വ്യക്തികളുടെ ക്ലെയിം ന് വേണ്ടിയുള്ള ഡീറ്റേയിൽസ് കളക്ട് ചെയ്തു. റ്റിഎസ്എസ്എസ് വഴി ജൂബിലി ഡയറക്ടർ ഫാ.ക്ലീറ്റസ് അവർകളെ ഏൽപ്പിച്ചു. ജനുവരി മാസം 27 വ്യക്തികളെ ജൂബിലി ഹോസ്പിറ്റലിലേക്ക് ട്രീറ്റ്മെന്റിനായി ആനിമേറ്റർ കൊണ്ടുപോയി. മത്സ്യതൊഴിലാളികൾക്കുവേണ്ടി പ്രൈവറ്റ് സെക്ടറിൽ ജോലിക്കായി മാർത്താണ്ടം നീറമണി കോളേജിൽ ഇടവകവികാരിമാർ വഴിയായി ഇന്റർവ്യൂന് ഉദ്യോഗാർത്ഥികളെ അയച്ചു, ജോലി ലഭ്യമാക്കുകയും ചെയ്തു. വള്ളവിളയിൽ ഓഖി ദുരന്ത ബാധിതർക്ക് തയ്യൽ, എംബ്രോയ്ഡറി പരിശീലനം നടന്നു വരുന്നു. പുത്തൻതുറ, പൂത്തുറ എന്നീ ഇടവകകളിൽ ഗവൺമെന്റ് ലെവലിൽ തയ്യൽ പരിശീലനത്തിന് ഇന്റർവ്യൂ കഴിഞ്ഞ് രാജാക്കമംഗലത്തുറയിൽ 20 പേരെ സ്കിൽ ട്രെയിനിംഗ് പ്രോഗ്രാമിന് റ്റിഎസ്എസ്സുമായി ചേർന്ന് അയയ്ക്കുവാൻ സാധിച്ചു. ഓഖിയിൽ ആക്സിഡന്റ് ആയി വന്ന വ്യക്തികൾക്ക് ഇ.പി. തുറ മേടയിൽ വച്ച് 21-ാം തിയതി (ചിന്നത്തുറ, ഇ.പി.തുറ 25 അംഗങ്ങൾ) ഡോ. തദ്ദേവൂസ് ഭക്ഷണസാധനങ്ങൾ സ്പോൺസർ ചെയ്തു. ഇത് ആനി

മേറ്റർ വഴിയായി നൽകുകയും ചെയ്തു. 27-ാം തീയതി നീരോടി മുതൽ പൂത്തുറ വരെ ഓഖി ദുരന്തത്തിൽ മരിച്ചവരുടെ കുടുംബ ങ്ങളെ സന്ദർശിക്കാൻ റ്റിഎസ്എസ്എസ് ഡയറക്ടർ ഫാ. ലെനിൻരാജ്, അസ്സി.ഡയറക്ടർ ഫാ.ടോണി, ഫാ.മാൽവിൻ മറ്റ് ടീം അംഗങ്ങൾ എത്തി. രൂപതയിൽ ഓപ്പൺ ചെയ്ത അക്കൗണ്ടിന്റെ വ്യക്തത നൽകാനും മാനസികാവസ്ഥകളെ മനസ്സിലാക്കി അവർക്ക് നേരായ നിർദ്ദേശം നൽകുകയും ചെയ്തു. 21-ാം തീയതി ആനിമേറ്റർ ഫെഡ റൽ ബാങ്ക്, ഇൻഡ്യൻ ബാങ്ക് വിസിറ്റ് ചെയ്തു ഓഖി ദുരന്തബാധി തരുടെ ബാങ്കിൽ പോയി 30 പേരുടെ അക്കൗണ്ട് ക്ലിയർ ചെയ്തു പാസ്സ്ബുക്ക് വാങ്ങിച്ചു സി.ജിൻസയെ ഏൽപ്പിച്ചു.

| | |
|---|---|
| **ഫാ. മാൽവിൻ** | **കനിജ പീറ്റർ** |
| കോഓഡിനേറ്റർ | ആനിമേറ്റർ |





# ആർട്ടിസ്റ്റ് ഫോറം

2018 ഫെബ്രുവരി 3-ാം തിയതി ചിത്രകലാകാരന്മാരുടെ ഒരു യോഗം അല്മായ ശുശ്രൂഷ ഡയറക്ടർ എം. ആർക്കാഞ്ചലൊ യുടെ അദ്ധ്യക്ഷതയിൽ മ്യൂസിയം ആർട്ട് ഗ്യാലറിയിൽ ചേർന്നു. മാധ്യമ കമ്മീഷൻ ഡയറക്ടർ ഫാ. ദീപക് ആന്റോ സന്നിഹിത നായിരുന്നു. കുട്ടികൾക്കും മുതിർന്നവർക്കുമായി ബൈബിളിലെ ഉപമകൾ എന്ന വിഷയത്തിൽ മാധ്യമ കമ്മീഷൻ സംഘടിപ്പിച്ച ചിത്രകലാമത്സരത്തിൽ വിജയികളായവർക്ക് ആർച്ച് ബിഷപ്പ് ഡോ. എം. സൂസപാക്യം സമ്മാനദാനം നടത്തി.

ഏപ്രിൽ മാസം കുട്ടികൾക്കായി ഒരു ശില്പ ശാലയും നവംബർ മാസത്തിൽ ഒരു ചിത്രകലാ പ്രദർശനവും സംഘടിപ്പിക്കാൻ തീരുമാനിച്ചു. ഫോറത്തിന്റെ പ്രസിഡന്റായി റ്റി. എൽ. ജോണിനെ ഐകകണ്ഠ്യേന തിരഞ്ഞെടുത്തു.

**അല്മായ ശുശ്രൂഷ ഫെറോന കൺവീനർമാർ**

| | | |
|---|---|---|
| 1. പാളയം | - | ഗ്രേഷ്യസ് .എ |
| 2. പേട്ട | - | ബൈജു ജോസി |
| 3. വലിയതുറ | - | പീറ്റർ കുലാസ് |
| 4. കോവളം | - | തദേവൂസ് പൊന്നയ്യൻ |
| 5. പുല്ലുവിള | - | ജോസഫ് റ്റി. |
| 6. പുതുക്കുറിച്ചി | - | റെൽമ ജോൺ |
| 7. കഴക്കൂട്ടം | - | സുനിൽ ജപമാല |

**അല്മായ ശുശ്രൂഷ വൈദിക കോഡിനേറ്റർമാർ**

അല്മായ ശുശ്രൂഷ വൈദിക കോഡിനേറ്ററായി കഴക്കൂട്ടം ഫെറോനയിൽ ഫാ. എ.ആർ ജോണിനെയും പേട്ട ഫെറോനയിൽ ഫാ. എഫ്. റോബിൻസനെയും തെരെഞ്ഞെടുത്തു.

**ഫെറോന ബജറ്റുകൾക്ക് അംഗീകാരം**

പാളയം, പേട്ട, വലിയതുറ, കോവളം, പുതുക്കുറിച്ചി, കഴക്കൂട്ടം, അഞ്ചുതെങ്ങ് ഫെറോനകളിലെ അല്മായ ശുശ്രൂഷയുടെ ബജറ്റിന് അതിരൂപത അംഗീകാരം നൽകി.

**ഫെറോന കൺവീനർമാരുടെ യോഗം**

അല്മായ ശുശ്രൂഷയുടെ ഫെറോന കൺവീനർമാരുടെ യോഗം ഡയറക്ടർ എം. ആർക്കാഞ്ചലൊയുടെ അദ്ധ്യക്ഷതയിൽ 24.03.2018 ൽ ചേർന്നു. 2018-19 വർഷത്തെ ഫെറോനബജറ്റ് വിശദമായി ചർച്ച ചെയ്തു. മുൻഗണനാ അടിസ്ഥാനത്തിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ എന്തൊക്കെയായിരിക്കണമെന്ന് തീരുമാനിച്ചു.

**സമന്വയ ബുള്ളറ്റിനിലെ**
**പ്രസിദ്ധീകരണത്തിന്**

മെയ് മാസത്തെ പ്രസിദ്ധീകരണത്തിനുള്ള ഇനങ്ങൾ ഏപ്രിൽ 24 നകം ലഭ്യമാക്കേണ്ടതാണ്. ബന്ധപ്പെട്ട ഏവരുടേയും സഹകരണം അഭ്യർത്ഥിക്കുന്നു.